MAY
Vol. 7 Issue : 5
2020

# Bulletin

## Irinjalakuda Diocese





“എന്റെ കർത്താവേ എന്റെ ദൈവമേ”
(യോഹന്നാൻ 20:28)

“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ
ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്”
(മത്തായി 25 : 40)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),
**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

INNOVATION IS INVENTION

## SAHṚDAYA-*tech*
Vidyajyoti Complex, Irinjalakuda, Thrissur, Pin : 680121. Ph : 8289847600
E-mail : sahrdayatech@gmail.com. Website: www.sahrdayatech.org

### Courses Offered:
Civil Service Coaching, Bank Test Coaching;
PSC Test Coaching, Parish Administration Software, Foundation Courses, BTech Tuition Classes.

EVER TO EXCEL

## SAHṚDAYA
COLLEGE OF ADVANCED STUDIES OF ART & SCIENCE

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
Email : info@sahrdaya.ac.in. Website: www.sahrdaya.ac.in

### Courses Offered:
**UG Courses :** B Com Professional, B Com Computer Application, B Com Finance, B Com Co-Operation B Com Taxation, B Com Banking B Sc Physics, B Sc Computer Science, B Sc Chemistry, B Sc Geology, B Sc Mathematics, B C A, B Sc Psychology, B B A, B A Malayalam with Journalism, B A English with Journalish
**PG Courses :** M Sc Psychology, M Com Finance

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

### MBA @ SIMS Courses Offered:
Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# Irinjalakuda Diocesan Bulletin

Vol.: 07 Issue: 05

MAY 2020


## ഉള്ളടക്കം


| | | |
|---|---|---|
| 01 | ഇടയശബ്ദം | 04 |
| 02 | സർക്കുലർ | 08 |
| 03 | മെയ്മാസ ആചരണം - ഫ്രാൻസിസ് പാപ്പാ | 10 |
| 04 | ലോകദൈവവിളി ദിനം - ഫ്രാൻസിസ് പാപ്പാ | 14 |
| 05 | മെയ്ദിന സന്ദേശം 2020 - കെ.സി.ബി.സി. | 19 |
| 06 | സർക്കുലർ | 25 |
| 07 | കച്ചേരി കാര്യങ്ങൾ | 29 |
| 08 | വൈദീക - സമർപ്പിത ഡയറക്ടറി | 32 |
| 09 | അൾത്താര ബാലസംഘം | 34 |
| 10 | ബ്ലസ് എ ഹോം | 35 |
| 11 | ബി.എൽ.എം. | 35 |
| 12 | ഹൃദയ പാലിയേറ്റീവ് കെയർ | 36 |
| 13 | ഇടയന്റെ ഇന്നലെകൾ | 37 |


**MY LORD, MY GOD**


***Address:***

Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***

0480 2826820, 2826830

***Website & E-mail:***

www.irinjalakudadiocese.com
ijkbph@gmail.com



***Subscription:***

Monthly : ₹ 20.00
Annual : ₹ 200.00




പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, അത്മായ സഹോദരരേ,

ലോകമെമ്പാടും കൊറോണ വൈറസ് അനിയന്ത്രിതമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കോവിഡിന്റെ കണ്ണികൾ പൊട്ടിച്ച് ജനജീവിതം പൂർവ്വസ്ഥിതിയിലാക്കുവാൻ നാമോരോരുത്തരും നിതാന്ത ജാഗ്രതയോടെയും മുൻകരുതലോടെയും പരിശ്രമിക്കണം. മരണസംഖ്യ രണ്ടരലക്ഷത്തോളമടുക്കുന്നു. രോഗബാധിതരുടെ എണ്ണം 40 ലക്ഷത്തോളമായി. വികസിത രാജ്യമെന്നോ വികസ്വര രാജ്യമെന്നോ ഉള്ള വ്യത്യാസങ്ങളൊന്നും കൂടാതെ എല്ലാവരും കൊറോണ വൈറസിന്റെ വ്യാപനത്തിൽ ദുഃഖിതരാണ്. സമ്പന്നരെന്നോ ദരിദ്രരെന്നോ വ്യത്യാസം കോവിഡ് ബാധിച്ചവരിൽ ഇല്ല. കറുത്ത വർഗ്ഗക്കാരെന്നോ വെളുത്ത വർഗ്ഗക്കാരെന്നോ വ്യത്യാസമില്ല. മതരാഷ്ട്രീയ വ്യത്യാസങ്ങളുമില്ല. ചൈനയിൽ ആരംഭിച്ച ഈ മഹാമാരി ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പടർന്നു കഴിഞ്ഞു. ലോകചരിത്രത്തിൽ പലഘട്ടങ്ങളിലും മഹാമാരികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇത്രത്തോളം രാജ്യങ്ങളിൽ ഇത്രയും വേഗം പടർന്നുപിടിച്ച ഒരുരോഗം വേറെയില്ലെന്ന് വൈദ്യശാസ്ത്രരംഗത്തെ വിദഗ്ദ്ധർ പറയുന്നു. ഇങ്ങനെയൊക്കെയായിരുന്നിട്ടും സംസ്ഥാന-കേന്ദ്രസർക്കാരു കൾ പരമാവധി പരിശ്രമിച്ച് ഇന്ത്യയിലും, കേരള സംസ്ഥാനത്തിലും വൈറസ് വ്യാപനം ഒരുപരിധിവരെ പിടിച്ചു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തുടർ വ്യാപനം ഉണ്ടാകാതിരിക്കുവാനുള്ള നിരന്തര ജാഗ്രത അനിവാര്യമാണ്. അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ് കെന്നഡിയുടെ വാക്കുകൾ വളരെ പ്രസക്തമാണ്. "അമേരിക്കക്കാരെ, അമേരിക്ക നിങ്ങൾക്ക് എന്തു ചെയ്തുതരുമെന്ന് ചോദിക്കരുത്, അമേരിക്കയ്ക്കുവേണ്ടി നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്നു ചോദിക്കുക." കോവിഡ് രോഗത്തിന്റെ വ്യാപനം നിയന്ത്രിക്കുവാൻ, വൈറസിന്റെ ശക്തി നിർവീര്യമാക്കുവാൻ രോഗബാധിതർക്ക് സൗഖ്യം ലഭിക്കുവാൻ രോഗബാധയെ തുടർന്നുള്ള ദുരിതങ്ങൾ കുറയ്ക്കുവാൻ രോഗപ്രതിരോധപ്രവർത്തനങ്ങളിലും ആതുരശുശ്രൂഷ

രംഗങ്ങളിലും പ്രവർത്തിക്കുന്നവർക്ക് സുരക്ഷ ലഭിക്കുവാൻ നമുക്കെന്തു ചെയ്യുവാൻ കഴിയുമെന്ന് ലോകജനത ഒന്നടങ്കം ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇവിടെയാണ് സമൂഹമനഃസാക്ഷി ഉണർന്ന് പ്രവർത്തിക്കേണ്ടത്. ആരും ഒറ്റപ്പെട്ട തുരുത്തുകളല്ല. പരസ്പര പൂരകമാണ് മനുഷ്യജീവിതം. ഒറ്റയ്ക്കിരുന്നാൽ ഒന്നിനും നിലനിൽപ്പില്ല. പ്രകൃതിയിൽ വളരെ പ്രകടമായി ഇത് ദർശിക്കാം. സഹജീവിയുടെ ദുഃഖവും ദുരിതവും കാണാതെയുള്ള ജീവിതത്തിന് നിലനിൽപ്പില്ല. സുപ്രസിദ്ധ എഴുത്തുകാരനായിരുന്ന സാം ലെ വിൻസൺ പയുന്നു, “നിങ്ങൾക്ക് ദൃഢതയുള്ള കരങ്ങൾ വേണോ? എങ്കിൽ ഒരു കരം പാവപ്പെട്ടവന്റെ നേർക്ക് നീട്ടുക. മറുകരം ദൈവത്തിങ്കലേയ്ക്കും.” പരസ്പര സഹകരണത്തിലും വിട്ടുവീഴ്ചയിലും അധിഷ്ഠിതമായ ഒരു സ്വയംപര്യാപ്ത സമൂഹത്തിന്റെ സൃഷ്ടിക്കായി ശ്രമിക്കാം. സമീപഭാവിയിൽ വരുവാൻ പോകുന്ന ഭീകരമായ ക്ഷാമത്തെക്കുറിച്ചും സാമ്പത്തിക തകർച്ചയെക്കുറിച്ചും ലോകാരോഗ്യസംഘടന ഉൾപ്പെടെയുള്ളവർ മുന്നറിയിപ്പു നൽകി കഴിഞ്ഞു. കോവിഡനന്തരകാലത്തെക്കുറിച്ച് ചിന്തിക്കാൻ സമയമായിട്ടില്ല എന്നു പറയുന്നവർ ഏറെയുണ്ടെങ്കിലും രാജ്യം നേരിടുവാൻ പോകുന്ന ഗുരുതരപ്രതിസന്ധികളെ തരണം ചെയ്യുവാൻ ഗൗരവതരമായ ചിന്ത ഇപ്പോഴെങ്കിലും തുടങ്ങേണ്ടതുണ്ട്.

“നാം നമുക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ നമ്മുടെ മരണത്തോടെ ഇല്ലാതാകും. എന്നാൽ മറ്റുള്ളവർക്കും ലോകത്തിനുംവേണ്ടി ചെയ്യുകയാണെങ്കിൽ എല്ലാകാലവും നിലനിൽക്കും” (ആൽബർട്ട് ഒപെക്). ഈ പശ്ചാത്തലത്തിൽ ഏതാനും ചില കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ എല്ലാവരും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**1. ദൈവത്തിലാശ്രയിച്ച് ആത്മധൈര്യത്തോടെ ജീവിക്കുക:** കൊറോണ വൈറസ് പഠിപ്പിക്കുന്ന ഒരു ദർശനമുണ്ട്, നമ്മുടെ കഴിവുകൾക്കും നേട്ടങ്ങൾക്കും അതീതമായൊരു ശക്തിക്കുമാത്രമെ നമ്മെ രക്ഷിക്കുവാൻ സാധിക്കൂ. ദൈവവിശ്വാസികളായ നമുക്കോരോരുത്തർക്കും ഇത് കൂടുതൽ ബോധ്യപ്പെടുകയാണ്. ഈ ബോധ്യത്തെ തകർക്കുവാൻ ശ്രമിക്കുന്നവരുടെ വൈറസിനെ നിതാന്ത ജാഗ്രതയോടെ തള്ളിക്കളയുവാനും നമ്മുടെ ഭവനങ്ങൾ കൂടുതൽ കൂടുതൽ പ്രാർത്ഥനാലയങ്ങളാക്കി മാറ്റുവാനും പൂർണ്ണഹൃദയത്തോടെ നാം ദൈവത്തിങ്കലേയ്ക്ക് തിരിയുവാനും ശ്രമിക്കണം.

**2. ജാഗ്രത പുലർത്തുകയും മുൻകരുതലെടുക്കുകയും ചെയ്യുക:** സ്വയം സംയമനം പാലിച്ച് സർക്കാരും ആരോഗ്യ വകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിക്കുവാനും മുൻകരുതലുകൾ എടുക്കുവാനും തയ്യാറാകണം. മാസ്ക് ധരിക്കുക, അകലം പാലിക്കുക,

പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക, കൈകൾ ശുദ്ധമാക്കുക, നന്നായി ശ്വസിക്കുക, ചൂടുവെള്ളം കൂടുതലായി കുടിക്കുക തുടങ്ങിയുള്ള കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

**3. കാർഷിക മേഖലയെ ശക്തിപ്പെടുത്തി ഭക്ഷ്യക്ഷാമത്തെ നേരിടുക:** ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുവാൻ കൂട്ടായ ശ്രമം ഉണ്ടാകണം. തരിശുകിടക്കുന്ന ഭൂമി കർഷക തൊഴിലാളികളെയും ഭൂരഹിത കർഷകരെയും കൂട്ടി വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ ശ്രമിക്കണം. എല്ലാവരും കുറച്ചുസമയം കൃഷിപണികൾക്കായി കണ്ടെത്തണം.

**4. പാവപ്പെട്ടവരെ സഹായിക്കുക:** തൊഴിൽമേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. കാർഷികരംഗവും ചെറുകിട വ്യാപാരവ്യവസായികളും എന്നല്ല സമസ്ത മേഖലകളിലും തളർച്ച നേരിടുന്നു. ഈയവസരത്തിൽ സമ്പന്നർ മറ്റുള്ളവരെ സഹായിക്കുവാൻ തയ്യാറാകണം. പത്തുശതമാനം വരുന്ന സമ്പന്നരാണ് നമ്മുടെ രാജ്യത്തെ 80 ശതമാനം സമ്പത്തും കൈയാളുന്നത്. ബാക്കി 90 ശതമാനം വരുന്ന ജനങ്ങളുടെ കൈയിൽ 20 ശതമാനം സമ്പത്ത് മാത്രമാണുള്ളത്. പരമ ദരിദ്രരായ 10 ശതമാനം പേരുടെ ആസ്തി 0.2 ശതമാനം മാത്രമാണ്. ഈ പാവപ്പെട്ടവരുടെ അതിജീവനത്തിന് പ്രതിഫലം പ്രതീക്ഷിക്കാതെ സഹായിക്കുവാൻ തയ്യാറായാൽ മാത്രമെ സമൂഹത്തിൽ സംതുലിതാവസ്ഥ പാലിക്കുവാൻ കഴിയുകയുള്ളൂ. ഉദാരമായി പാവപ്പെട്ടവരെ സഹായിക്കുക. അതോടൊപ്പം ശരാശരി വരുമാനമുണ്ടായിരുന്ന വിഭാഗത്തെ ഈ കോവിഡ് വളരെ ബാധിച്ചിട്ടുണ്ട്. അവരെകൂടെ പരിഗണിക്കുക. എല്ലാവരെയും പരിഗണിക്കണമെന്ന ദുർന്യായം പറഞ്ഞ് മറ്റുള്ളവരെ സഹായിക്കുന്ന ആനുപാതത്തിൽ സമ്പന്നരെ കൂടെ ഉൾപ്പെടുത്തി അവരുടെ കൂടെ പ്രീതി കിട്ടുവാനുള്ള പരിശ്രമം ഉപേക്ഷിക്കണം. ബുദ്ധിമുട്ടുന്നവരെ കണ്ടുപിടിച്ച് ആവശ്യമായ സഹായം ചെയ്തുകൊടുക്കുക. സമ്പന്നരെ അത്തരം സഹായം ചെയ്തുകൊടുക്കുവാൻ പ്രേരിപ്പിക്കുക.

**5. തൊഴിൽ അവസരങ്ങൾ കൂടുതലായി നൽകുക:** ഗ്രാമീണ മേഖലയിലും കാർഷികമേഖലയിലും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുക. ഏതു തൊഴിലും മാന്യമാണെന്ന ചിന്താഗതി വളർത്തി തൊഴിൽ രഹിതർ പുതിയ പുതിയ മേഖലകളിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധമാകുക.

**6. വിദ്യാർത്ഥികൾക്കാവശ്യമായ അറിവ് പകർന്ന് നൽകണം :** അദ്ധ്യാപകരും അജപാലകരും വിദ്യാഭ്യാസ പ്രവർത്തകരും വിശ്വാസ പരിശീലകരും കുട്ടികൾക്കാവശ്യമായ അറിവുകൾ പകർന്ന് നൽകണം. അതോടൊപ്പം വിശ്വാസപരിശീലനത്തിന് സഹായകരമായ ബോധ്യങ്ങൾ

പകർന്നു കൊടുക്കുവാൻ ശ്രമിക്കണം. സോഷ്യൽ മീഡിയ ഇതിനായി ഫലപ്രദമായി വിനിയോഗിക്കണം.

**7. പ്രവാസികളോട് അനുഭാവപൂർവ്വം പെരുമാറണം** : ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശ രാജ്യങ്ങളിലും അന്യസംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന ഒരുപാടുപേർ തിരിച്ചുവരുമ്പോൾ അവരോട് അനുഭാവം പ്രകടമാക്കണം. അവരെ പുനരധിവസിപ്പിക്കുവാനും തൊഴിലുകൾ കണ്ടെത്തുവാനും സഹായിക്കണം. പലിശരഹിതമായ വായ്പ കൊടുക്കുവാൻ സാധിക്കുന്നവർ അത് നൽകണം.

നമുക്ക് ഒരുമിച്ച് കൂട്ടായ്മയോടെ അതിജീവനം സാധ്യമാക്കണം. മറ്റുള്ളവരെ സഹായിക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യുന്നതാകണം ജീവിതലക്ഷ്യം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ പിതാവ്,

+ Pauly Kannookadan

ഇരിങ്ങാലക്കുട
24.03.2020

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 3294/K-5/KCBC/OL/DS — 27 April 2020

Dear Archbishops and Bishops,

This is to inform you that KCBC, Inter Church Council and religious leaders of Hindu and Muslim Communities have come to a common decision to declare next Sunday, May 03, a Prayer Day in Kerala, seeking God's mercy to contain Covid-19 pandemic. On that Sunday of common prayer, our dioceses and religious communities are requested to give this orientation to their prayers.

This Prayer Day will be announced through the media. On the Prayer day at 3pm onwards, short prayers of various religious leaders will be telecasted.

You may kindly instruct all the faithful to cooperate with this prayer programme.

With best regards,

Yours cordially in Christ,

+ G. Alencherry

George Cardinal Alencherry
KCBC President

354/20
26.04.2020

# സർക്കുലർ

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളെ,

രൂപത കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ നേരുന്നു. കൊറോണ വൈറസിന്റെ ഭീതിയും, ലോക്ഡൗണിന്റെ ഒറ്റപ്പെടലും അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ ദൈവജനത്തെ ദൈവാശ്രയ ത്തിലും പ്രത്യാശയിലും നിലനിർത്തുവാൻ നിങ്ങൾ ചെയ്യുന്ന പരിശ്രമങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ ഇടവകകളിൽ പരിമിതമായ സാഹചര്യത്തിൽ വിവാഹം നടത്തുവാൻ ചിലരെല്ലാം ആവശ്യപ്പെടുന്നുണ്ടല്ലോ. അവരോടു നമുക്ക് അനുഭാവപൂർവ്വം പെരുമാറാം. വിവാഹത്തിനും മനസമ്മതത്തിനും ആവശ്യമായിട്ടുള്ള അനുവാദം ആ പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ നിന്നും കക്ഷികൾ വാങ്ങിച്ചിരിക്കണം. അവരുടെ നിർദ്ദേശമനുസരിച്ചു മാത്രമേ വിവാഹ ആഘോഷത്തിൽ ജനപങ്കാളി ത്തമുണ്ടാകാവൂ. വിളിച്ചുചൊല്ലൽ ഇപ്പോൾ സാധ്യമല്ലാത്തതിനാൽ അവ ഒഴിവാക്കു വാനുള്ള അനുവാദം ലഭിക്കുന്നതിനുവേണ്ടി രൂപത കാര്യാലയത്തി ലേക്കു Email വഴി വികാരിയച്ചന്റെ ശുപാർശയോടുകൂടെ അപേക്ഷിക്കേണ്ടതാണ്. അപേക്ഷ Email വഴി അയച്ചിട്ടുള്ള വിവരം ഫോണിലൂടെ രൂപത അദ്ധ്യക്ഷനെയോ ജനറാളച്ചന്മാരെയോ ചാൻസലർ അച്ചനെയോ അറിയിക്കേണ്ടതാണ്. വിളിച്ചുചൊല്ലൽ ഒഴിവാക്കിക്കൊണ്ടുള്ള അനുവാദം Email വഴി അറിയിക്കുന്നതായി രിക്കും. പ്രീകാന കോഴ്സ് കൂടിയിട്ടില്ലെങ്കിൽ അനുകൂലമായ സാഹചര്യ ത്തിൽ ഈ കോഴ്സ് പുനഃസ്ഥാപിക്കപ്പെടുമ്പോൾ കൂടാമെന്നുള്ള വാഗ്ദാനത്തോടെ ഇപ്പോൾ ഒഴിവു കിട്ടുവാൻ അപേക്ഷിക്കാ വുന്നതാണ്. അതിനും Email വഴി ഒഴിവു നൽകുന്നതാണ്. ഈ അപേക്ഷകൾ വയ്ക്കുമ്പോൾ വിവാഹിതരാകുന്നവർക്കു സഭ നിശ്ചയിച്ചിട്ടുള്ള തടസ്സങ്ങളൊന്നുമില്ലെന്നു ഉറപ്പു വരുത്തേണ്ടതാണ്. Email അയയ്ക്കുവാൻ കക്ഷികൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിൽ വികാരിയച്ചന്മാർ തന്നെ അവർക്കു വേണ്ടി നേരിട്ട് ചെയ്യുന്നതായിരി ക്കും ഉചിതം.

മാമ്മോദീസ, മരിച്ചവർക്ക് വേണ്ടിയുള്ള ഒപ്പീസ്, ചരമ അനുസ്മരണ തിരുക്കർമ്മങ്ങൾ, ഒറ്റക്കുള്ള ആദ്യകുർബ്ബാന സ്വീകരണം, തിരുന്നാൾ മുതലായവയുടെ കാര്യത്തിൽ അഞ്ചുപേരിൽ കൂടുതൽ പങ്കാളിത്ത മുള്ള ഏതൊരു കാര്യത്തിനും കക്ഷികൾ പോലീസിൽനിന്നും കൃത്യ മായി അനുവാദം വാങ്ങിയിരിക്കണം. ഈ അഞ്ചുപേരിൽ കാർമ്മികനും

ദേവാലയ ശുശ്രൂഷിയും ഉൾകൊള്ളുന്നുണ്ടെന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ.

പാട്ടുകുർബ്ബാന, ഒറ്റ കുർബ്ബാന, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ്, അന്നീദ തുടങ്ങിയവയ്ക്കുള്ള തിരുക്കർമ്മധർമ്മം ആവശ്യമുള്ളവർ രൂപത പ്രൊകുറേറ്റർ അച്ചനെ കോണ്ടാക്ട് ചെയ്യേണ്ടതാണ്. അനുദിന ആവശ്യങ്ങൾക്ക് വ്യക്തിപരമായി സാമ്പത്തിക ബുദ്ധിമുട്ടുള്ള അച്ചന്മാർ എന്നെ നേരിട്ടു ബന്ധപ്പെടുവാൻ മടികാണിക്കരുത്. കോവിഡ് - 19 ന്റെ ലോക്ഡൗൺ പശ്ചാത്തലത്തിൽ രൂപതയിൽ ഇടവകകളിലെ 2019-2020 ലെ വാർഷിക തെരട്ട് സമർപ്പിക്കേണ്ട തിയ്യതികൾ മാറ്റിവച്ചിരിക്കുന്നു. പുനഃക്രമീകരിച്ച സമയക്രമങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഇടവകജനത്തിന്റെ ബുദ്ധിമുട്ടുകളിൽ നമുക്കും ഒന്നുചേർന്നു സഹായിക്കാം. കൊറോണ വൈറസിന്റെ വ്യാപനം നിയന്ത്രിക്കപ്പെടുവാനും, രോഗികൾക്ക് സൗഖ്യം ലഭിക്കുവാനും, സേവനരംഗത്തു പ്രവർത്തിക്കുന്നവർക്ക് സംരക്ഷണം കിട്ടുവാനും നമുക്ക് തുടർന്നും പ്രാർത്ഥിക്കാം. ദൈവജനത്തെ വിശ്വാസത്തിലും, പ്രത്യാശയിലും ഒന്നിച്ചു നിർത്തുവാൻ ഫോണിലൂടെയും, ഓൺലൈനിലൂടെയും, മറ്റു സമ്പർക്ക മാധ്യമങ്ങളിലൂടെയും നമുക്ക് തുടർന്നും പരിശ്രമിക്കാം. ദൈവം നമ്മളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്

+ Pauly Kannookadan

ഇരിങ്ങാലക്കുട
രൂപതാഭവനം

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

**പ്രാർത്ഥനാദിനം - 2020 മെയ് 3 ഞായർ**

കേരളത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരും ഹിന്ദു-മുസ്ലീം മത നേതാക്കളും സംയുക്തമായി 2020 മെയ് 3 ഞായാറാഴ്ച കോവിഡ് 19 മഹാമാരിയാൽ ദുരിതമനുഭവിക്കുന്ന മനുഷ്യമക്കൾക്കുവേണ്ടി ദൈവകരുണ യാചിച്ചുകൊണ്ട് പ്രാർത്ഥനാദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു. ഈ ആഹ്വാനമനുസരിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും മെയ് 3 ഞായറാഴ്ച ദൈവകരുണയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**

## മെയ് മാസ ആചാരണം
### ഫ്രാൻസിസ് പാപ്പായുടെ സന്ദേശവും പ്രാർത്ഥനകളും
### 2020 മെയ്

[*മെയ് മാസ ആചാരണത്തോടനുബന്ധിച്ച് കുടുംബങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഫ്രാൻസിസ് പാപ്പ വിശ്വാസികൾക്ക് എഴുതിയ സന്ദേശത്തിന്റെയും, ജപമാലക്കുശേഷം പ്രാർത്ഥിക്കേണ്ട രണ്ട് പ്രാർത്ഥനകളുടെയും വിവർത്തനമാണ് താഴെ ചേർക്കുന്നത്. ഈ രണ്ട് പ്രാർത്ഥനകളും അനുദിന കുടുംബപ്രാർത്ഥനയോടുചേർന്ന് പ്രാർത്ഥിക്കുന്നതിന് ദൈവജനത്തെ അറിയിക്കുമല്ലോ. ഈ പ്രാർത്ഥനകൾ സൗകര്യപ്രദമായ മാർഗ്ഗങ്ങളിലൂടെ അവർക്ക് നൽകേണ്ടതാണ്.*]

പ്രിയ സഹോദരീ സഹോദരന്മാരേ,

മെയ് മാസം അടുത്തിരിക്കുന്നു, ലോകത്തിന്റെ ഒരോ കോണിലും ദൈവജനം പ്രത്യേക തീക്ഷ്ണതയോടെ പരി. കന്യാമറിയത്തോടുള്ള സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്ന ദിനങ്ങൾ. മെയ് മാസത്തിൽ വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ക്രൈസ്തവ പരമ്പര്യമാണ്. ഈ മഹാമാരി നമ്മുടെമേൽ അടിച്ചേൽപ്പിച്ച പലവിധ നിയന്ത്രണങ്ങൾ, പ്രത്യേകിച്ച് കുടുംബത്തിനകത്തും മറ്റും ഒതുങ്ങി കഴിയേണ്ടിവന്നത്, നമ്മെ ഒരു ആത്മീയ കാഴ്ച്ചപ്പാടിലേക്കും കൂടി നയിക്കുന്നുണ്ട്.

അതിനാൽ നിങ്ങളോട് എല്ലാവരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഈ മെയ് മാസത്തിൽ കുടുംബത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിന്റെ ഭംഗി വീണ്ടെടുക്കണം എന്നാണ്. കുടുംബാംഗങ്ങൾ ഒന്നിച്ചോ വ്യക്തിപരമായോ ഇത് ചെയ്യാം. നിങ്ങളുടെ ജീവിതസാഹചര്യങ്ങൾ അനുസരിച്ച് നിങ്ങൾ തന്നെ തിരഞ്ഞെടുക്കുക. ഏതായാലും രണ്ടിനും അതിന്റെ വിലയുണ്ട്. ഏത് സാഹചര്യത്തിലും ഇത് ചെയ്യുന്നതിന് പിന്നിൽ ഒരു രഹസ്യമുണ്ട്: അത് അതിന്റെ ലാളിത്യമാണ്. നല്ല രീതിയിൽ പ്രാർത്ഥന പിന്തുടരാനുള്ള രീതികൾ കണ്ടെത്തുന്നതിന് ഇന്ന് ഇന്റർനെറ്റിൽ പോലും ധാരാളം സാധ്യതകൾ ഉണ്ട്.

ജപമാലയുടെ അവസാനം നിങ്ങൾക്ക് പ്രാർത്ഥിക്കുവാനായ് നമ്മുടെ പരി. കന്യാമറിയത്തോടുള്ള രണ്ട് പ്രാർത്ഥനകൾ ഈ കത്തിനോടൊപ്പം ഞാൻ കൂട്ടിച്ചേർക്കുന്നു. ആത്മീയമായി നിങ്ങളോട് ഐക്യപ്പെട്ടുകൊണ്ട് മെയ് മാസത്തിൽ ഞാനും ഈ പ്രാർത്ഥന ചൊല്ലുന്നതാണ്.

പ്രിയ സഹോദരീ സഹോദരന്മാരേ, ക്രിസ്തുവിന്റെ മുഖത്തോ

ടൊപ്പം നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ഹൃദയത്തെയും ധ്യാനിക്കാൻ പരിശ്രമിക്കാം. ഇത് ഒരു ആത്മീയ കുടുംബമെന്ന നിലയിൽ നമ്മെ കൂടുതൽ ഐക്യപ്പെടുത്തുകയും ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിതങ്ങൾ മറികടക്കാൻ നമ്മെ സഹായിക്കുകയും ചെയ്യും. നിങ്ങൾ ഓരോരുത്തർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു, പ്രത്യേകിച്ച് ഏറ്റവും കഷ്ടപ്പെടുന്നവർക്കായി പ്രാർത്ഥിക്കും. ദയവായി നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം, കേട്ടോ? നിങ്ങൾ ഓരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും ഒപ്പം എന്റെ ആശീർവാദവും...

**ഫ്രാൻസിസ് പാപ്പാ**

റോമാ, സാൻ ജോവാന്നി ലാത്തെറാനോ

25 ഏപ്രിൽ 2020, വി. മർക്കോസിന്റെ തിരുനാൾ ദിനത്തിൽ

## ഒന്നാമത്തെ പ്രാർത്ഥന

ഓ മറിയമേ, എപ്പോഴും നീ ഞങ്ങളുടെ പാതയിൽ തിളങ്ങുന്നു, നീ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമാണ്.

ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു. ഒപ്പം, രോഗികളായവരുടെ ആരോഗ്യവും നിന്റെ കരങ്ങളിൽ ഏല്പിക്കുന്നു. നിന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിന്റെ വേദനകളിൽ അമ്മേ, നീയും പങ്കുപറ്റിയില്ലേ?

കഷ്ടതകളിൽക്കൂടി കടന്നു പോകുന്ന ഈ ജനതയുടെ രക്ഷയ്ക്കുവേണ്ടി എന്താണ് വേണ്ടതെന്ന് നിനക്കറിയാം, അമ്മേ, നീ ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കാരണം, ഗലീലിയിലെ കാനായിൽ എന്നപോലെ ഈ പരീക്ഷണകാലഘട്ടം കഴിഞ്ഞ് സന്തോഷവും ആഘോഷവും മടങ്ങിവരട്ടെ.

പിതാവിന്റെ ഹിതത്തിന് അനുസൃതമായി യേശു ഞങ്ങളോടു പറയുന്നതു ചെയ്യാൻ ദിവ്യസ്നേഹത്തിന്റെ മാതാവേ, ഞങ്ങളെ സഹായിക്കൂ...

ഞങ്ങളുടെ സഹനങ്ങൾ സ്വയം ഏറ്റെടുത്ത ക്രിസ്തു പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കാൻ കുരിശിലൂടെ ഞങ്ങളുടെ വേദനകൾ ഏറ്റെടുത്തു.

ദൈവത്തിന്റെ പരിശുദ്ധ അമ്മയായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. നിരവധി പരീക്ഷണങ്ങളെ നേരിടുന്ന ഞങ്ങളുടെ അപേക്ഷകളെ ഉപേക്ഷിക്കരുതേ, മഹത്വപൂർണ്ണയും അനുഗൃഹീതയുമായ പരി. കന്യകയേ, എല്ലാ അപകടങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ... ആമേൻ.

## രണ്ടാമത്തെ പ്രാർത്ഥന

കന്യാമറിയമേ, ദൈവമാതാവായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു.. ഈ കൊറോണ വ്യാധിയുടെ പിടിയിലായിരിക്കുന്ന ഞങ്ങളുടെ മേൽ നിന്റെ കരുണയുള്ള കണ്ണുകൾ തിരിക്കുക. പ്രിയപ്പെട്ടവരുടെ മരണവും, മനസ്സിനെ ഭാരപ്പെടുത്തുന്ന തരത്തിൽ ചില സാഹചര്യങ്ങളിൽ ഉണ്ടായ മൃത സംസ്കാരവും ഓർത്ത് വേദനയിലും ദുഃഖത്തിലും കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. രോഗം മൂലം ദുരിതമനുഭവിക്കുന്നവരെയും അമ്മേ, നീ പിന്തുണയ്ക്കണമേ, പകർച്ചവ്യാധി തടയാനുള്ള പരിശ്രമത്തിൽ പ്രിയപ്പെട്ടവരിൽനിന്ന് അകറ്റപ്പെട്ടവരെയും ഭാവിയെക്കുറിച്ച് ആകുലതപ്പെടുന്നവരെയും സമ്പദ്‌വ്യവസ്ഥയിലെ അനിശ്ചിതത്വം മൂലം ജോലിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്ത് വിഷമിക്കുന്നവരെയും അമ്മേ, നീ ആത്മവിശ്വാസം കൊണ്ട് നിറയ്ക്കണമേ.

കഠിനമായ ഈ പരീക്ഷണങ്ങൾ അവസാനിച്ച് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു പുതിയ ചക്രവാളം ആരംഭിക്കാൻ ദൈവത്തിന്റെയും ഞങ്ങളുടെയും അമ്മയായ പരി. കന്യാമറിയമേ, കരുണയുള്ള പിതാവിന്റെ മുമ്പിൽ നീ ഞങ്ങൾക്കായി യാചിക്കുമോ..? നിന്റെ ദിവ്യപുത്രനോടൊപ്പം, കാനായിലെന്നപോലെ ഇടപെടണമേ. രോഗികളുടെയും മരണത്തിന് ഇരയായവരുടെയും കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ഹൃദയം വിശ്വാസത്തിലേക്ക് തുറക്കാനും നിന്റെ പ്രിയ പുത്രനോട് ആവശ്യപ്പെടണമേ.

പകർച്ചവ്യാധിമൂലം കഷ്ടത അനുഭവിക്കുന്ന ഈ കാലയളവിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ അമ്മേ, നീ സംരക്ഷിക്കണമേ... അപരന്റെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുൻപന്തിയിൽനിന്ന് സേവനം ചെയ്യുന്ന അവരുടെ വീരോചിതമായ പരിശ്രമത്തിനൊപ്പം അവർക്ക് ശക്തിയും നന്മയും ആരോഗ്യവും നൽകണമേ...

രാവും പകലും രോഗികളെ സഹായിക്കുന്നവരോടൊപ്പവും, സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും സഹായിക്കാനും പിന്തുണയ്ക്കാനും പരിശ്രമിക്കുന്ന പുരോഹിതരോടൊപ്പവും അമ്മേ, നീ ആയിരിക്കണമേ...

പരി. കന്യകാമാതാവേ, ശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും മനസ്സിനെ നീ പ്രകാശിപ്പിക്കുന്നതുവഴി ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള യഥാർത്ഥ പരിഹാരമാർഗം കണ്ടെത്തുന്നതിന് ഇടവരട്ടെ.

ദാരിദ്ര്യം മൂലം ജീവിക്കാൻ കഷ്ടപ്പെടുന്നവർക്ക് ജ്ഞാനത്താലും ഉദാരമനസ്കതയാലും, ആർദ്രതയാലും സഹായമാകാനും, സാമൂഹിക-സാമ്പത്തിക പരിഹാരങ്ങൾ ആസൂത്രണം ചെയ്യുക വഴി ദീർഘവീക്ഷണത്തോടെയും ഐക്യദാർഢ്യത്തോടെയും പ്രവർത്തിക്കാനും അമ്മേ, എല്ലാ രാഷ്ട്രനേതാക്കളെയും നീ സഹായിക്കണമേ... പരി. കന്യകാമറിയമേ, രാഷ്ട്രനേതാക്കന്മാരുടെ മനഃസ്സാക്ഷിയെ നീ സ്പർശിക്കണമേ... ആയുധശക്തി വർദ്ധിപ്പിക്കാനായി ചെലവിടുന്ന പണം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുവാനുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി അവർ വിനിയോഗിക്കട്ടെ.

പ്രിയപ്പെട്ട അമ്മേ, ലോകം എന്ന വലിയ ഒരു കുടുംബത്തിലെ അംഗമാണെന്ന ചിന്തയിലും, പ്രത്യേകിച്ച് എല്ലാവരെയും ഒന്നിപ്പിക്കുന്ന ബന്ധത്തെക്കുറിച്ചുള്ള സ്വയാവബോധത്തിലും, വളർന്നു വരുവാൻ ഞങ്ങളെ സഹായിക്കണമേ. കാരണം, സാഹോദര്യ മനോഭാവത്തോടെയും ഐക്യദാർഢ്യത്തോടെയും നിരവധി ദരിദ്രരെയും, ദുരിതത്തിൽപ്പെട്ടിരിക്കുന്നവരെയും സഹായിക്കാൻ ഞങ്ങൾക്ക് ഇതുവഴി സാധിക്കും. വിശ്വാസത്തിലുള്ള ഉറച്ച പ്രോത്സാഹനവും, അപരനെ സേവിക്കുന്നതിലുള്ള സ്ഥിരോത്സാഹവും, പ്രാർത്ഥനയിലുള്ള സ്ഥിരതയും ഞങ്ങൾക്ക് നൽകണമേ.

ഓ മറിയമേ.. എളിയവരുടെ സങ്കേതമേ, നിന്റെ കരവലയത്തിൽ നിന്റെ എല്ലാ വേദനിക്കുന്ന മക്കളെയും കാത്തുകൊള്ളണമേ. ഈ ഭയാനകമായ പകർച്ചവ്യാധിയിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാൻ സർവ്വശക്തനായ ദൈവം തന്റെ ശക്തമായ കരങ്ങളോടെ കടന്നു വരുവാൻ നീ ഇടയാക്കണമേ.. അങ്ങനെ ശാന്തമായതും സാധാരണ ഗതിയിലുള്ളതുമായ ഒരു ജീവിതം പുനരാരംഭിക്കാൻ ഇട വരുത്തണമേ.

രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി ഞങ്ങളുടെ പാതയിൽ തിളങ്ങുന്ന നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു, കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യാമറിയമേ. ആമേൻ.

Ref: 3290/K-5/KCBC/OL/DS 22.04.2020

# ലോക ദൈവവിളി ദിനം

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**2020 മെയ് 3**

## ദൈവവിളിയുടെ വചനങ്ങൾ

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമവാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജനസേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. യേശുവിനും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14,22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർധിപ്പിക്കലിനുശേഷം യേശു ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കുപോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊണ്ടും എന്നാൽ വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കുമെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും. ലക്ഷ്യസ്ഥാനത്തേക്കു നയിക്കുന്ന ലൈറ്റ് ഹൗസല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾകൊണ്ടാണ് തെന്നിപ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽ കടക്കുകയും സ്വന്തം സുരക്ഷി

തത്വം ഉപേക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റുവീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാകുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റയ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയായിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മിപോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ യേശു നടന്നുവരുന്നു, തിരമാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവിടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടുങ്കാറ്റിനെ അവിടന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്രചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽ നിന്നുണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും ചെയ്യുന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകിടക്കുന്നതിൽ നിന്ന് അവിടന്നു നമ്മെ തടയുന്നു; ഉയർന്നുവരുന്ന തിരമാലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുകപോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ടത്തിൽ നിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടുങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങനെയാണു സംഭവിക്കുന്നത്. “ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നടത്തുന്ന വിളിയോടുള്ള പ്രത്യുത്തരമാണ്” (വൈദികർക്കുള്ള എഴുത്ത്, 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ നമ്മുടെ ഹൃദയം തുറക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

യേശു തങ്ങളുടെയടുത്തേക്ക് കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്നു ശിഷ്യന്മാർ വിചാരിക്കുകയും ഭയംകൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടും കൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട" (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയുന്നത് നമ്മുടെ ഹൃദയങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ചില "ഭൂതങ്ങൾ" ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവപോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളിക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം "അവിശ്വാസത്തിന്റെ ഭൂത"ത്തിൽ നിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ?

ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റുപറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെടുക്കാൻ കഴിവില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷ സമർപ്പണം മുതലായവപോലുള്ള മൗലിക ജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്നു കർത്താവിന് അറിയാം. നമ്മുടെ ഹൃദയ വഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: "ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട." അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. "മധുരമുള്ള ദുഃഖ"മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത്, 4 ആഗസ്റ്റ് 2019) ബോധംകെട്ടുള്ള ഉറക്കത്തിൽ നിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് "മധുരമുള്ള ദുഃഖം."

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ "വെള്ളത്തിനു മീതെ നടക്കാൻ" ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ - പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ - ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടും കൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേ മറിച്ച്, നമുക്കു ദുർബലതയും ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ ക്രിസ്തുവിലേക്കു നടക്കാനും ഏതുകൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം യേശു തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം യേശു വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുംകാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂല വാതങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൽ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങൾ ഉള്ള എല്ലാവരെയും, സകാരണം ഞാൻ പരാമർശിക്കാൻ ആഗ്ര

ഹിക്കുന്ന വധൂവരന്മാരെയും പ്രത്യേകമായവിധത്തിൽ സമർപ്പിത ജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിന്റെയും സുരക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! യേശു നമ്മുടെ അരികേ ഉണ്ട്. നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മെ പിടിച്ച് രക്ഷിക്കും.

അപ്പോൾ, കൊടുംകാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ആന്തരീക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലന ജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് "അതെ" എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനുംവേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

**ഫ്രാൻസിസ് പാപ്പാ**

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020

നോമ്പുകാലത്തെ രണ്ടാം ഞായർ

(പി.ഒ.സി.യിൽനിന്നും നൽകപ്പെട്ടത്)

Ref: 3282K-5/KCBC/OL/DS 06.04.2020

## മെയ്ദിന സന്ദേശം 2020

### കേരള കത്തോലിക്കാ മെത്രാൻ സമിതി, തൊഴിൽകാര്യ കമ്മീഷൻ

### തൊഴിലിന്റെ ഭാവി, തൊഴിലാളികളുടെ ഭാവി

*“മനുഷ്യർ വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരായി”*

*(ലൗദാത്തോ സി, നമ്പർ 205)*

മിശിഹായിൽ പ്രിയമുള്ളവരേ,

1. ഈ വരുന്ന മെയ് ഒന്നിന് നാം ഒരിക്കൽ കൂടി തൊഴിലാളി ദിനം ആചരിക്കുകയാണ്. ഈ അവസരത്തിൽ മുഴുവൻ തൊഴിലാളികൾക്കും നമ്മുടെ നാഥനായ ഈശോമിശിഹായുടെ അനുഗ്രഹവും തൊഴിലാളിമധ്യസ്ഥനായ വിശുദ്ധയൗസേപ്പിതാവിന്റെ സംരക്ഷണവുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.
2. കൊറോണ, കോവിഡ് 19 മഹാമാരിയുടെ ആഘാതത്തിൽ ലോകം മുഴുവൻ കഠിനമായ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ജനങ്ങൾ അത്രയധികം പരിഭ്രാന്തരാണ്. ഈ അവസരത്തിൽ ഭരണാധികാരികളും ആരോഗ്യപ്രവർത്തകരും നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യതയോടെ പാലിച്ച് ജാഗ്രതാപൂർവ്വം ഈ മഹാമാരിയെ നമുക്കൊത്തൊരുമിച്ച് അതിജീവിക്കാം. ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് വിനീതരായി പ്രാർഥിക്കുകയും ചെയ്യാം. തൊഴിലാളികൾ ഉൾപ്പടെയുള്ള പലരും ഈ മഹാമാരിക്കെതിരേയുള്ള സന്നദ്ധപ്രവർത്തനത്തിനു മുന്നിട്ടിറങ്ങുന്നതിൽ സന്തോഷമുണ്ട്. അവരെ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടുതൽ സന്നദ്ധപ്രവർത്തകർ സർക്കാർ നേതൃത്വം നല്കുന്ന കോവിഡ് 19 നെതിരേയുള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ മുന്നോട്ടു വരണം. അഗതികൾ, അയൽസംസ്ഥാന തൊഴിലാളികൾ തുടങ്ങിയ ആർക്കും ഭക്ഷണം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകാതെ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാളികൾ ഉൾപ്പടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ അതിജീവനത്തിനായി ഈ അടിയന്തിര ഘട്ടത്തിൽ കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും സർക്കാരുകളുടെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണ അറിയിക്കുകയും ചെയ്യുന്നു. ആരോഗ്യ-സന്നദ്ധ പ്രവർത്തകരെയെല്ലാവരെയും സവിശേഷമായ രീതിയിൽ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.
3. ചിന്താശേഷി, സർഗശേഷി, കായികശേഷി എന്നിവയുടെ പ്രയോജനപ്പെടുത്തലാണ് തൊഴിൽ മേഖലയിൽ മനുഷ്യൻ നടത്തുന്നത്.

അതിലൂടെ തനിക്കും സമൂഹത്തിനും പുരോഗതിക്ക വസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് തൊഴിലിന്റെ ഭാവിക്കും (Future of Work) പരിസ്ഥിതിക്കും പുതിയൊരുദർശനം നല്കിയ, "അങ്ങേയ്ക്കു സ്തുതി" (*Laudato Si*) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: "ജോലി ചെയ്യാനുള്ള വിളിയോടെയാണ് നാം സൃഷ്ടിക്കപ്പെട്ടത്. സാങ്കേതിക വിദ്യയുടെ പുരോഗതി മാനുഷിക തൊഴിലിന് വർധമാനമായ തോതിൽ പകരമാവണം എന്നതായിരിക്കരുത് ലക്ഷ്യം. തൊഴിലിലൂടെ മഹത്ത്വപൂർണമായ ഒരു ജീവിതമുണ്ടാകാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം കൂടുതൽ വിശാലമായ ലക്ഷ്യം" (*ലൗദാത്തോ സി,* നമ്പർ 128).

4. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവില്ലാതെ ജീവിച്ചിരുന്ന സമൂഹം പുരോഗതിയുടെ പാതയിൽ മുന്നേറാൻ തുടങ്ങിയതോടെ സ്വത്ത് സമ്പാദനത്തിനുള്ള ഉപാധിയായി തൊഴിൽ പരിവർത്തനം ചെയ്യപ്പെട്ടു. യന്ത്രങ്ങളുടെ വരവോടെ കൂടുതൽ ഉല്പാദനവും കൂടുതൽ ലാഭവുമെന്ന ചിന്ത കടന്നുവന്നതോടെ തൊഴിലാളി ലാഭം നേടിക്കൊടുക്കുന്ന വസ്തുവോ ഉപകരണമോ ആയി തരംതാഴ്ത്തപ്പെട്ടു. മനുഷ്യനെന്ന പരിഗണനപോലും നഷ്ടമായ തൊഴിലാളികളുടെ പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും ഓർമ്മകളാണ് മെയ്ദിനം നമുക്ക് മുൻപിൽ വയ്ക്കുന്നത്.

അൻപത് കോടിയിൽ പരം പേരാണ് ഇന്ത്യയിൽ തൊഴിൽ മേഖലയിൽ ഉള്ളവർ. ഇവരിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ഇല്ലാത്ത തൊഴിലാളികൾ ആണ് അസംഘടിത തൊഴിലാളികൾ. അഞ്ച് ഏക്കർ ഭൂമി വരെയുള്ള ചെറുകിട കർഷകർ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെ യുള്ള ചെറുകിട സംരംഭകർ എന്നീ വിഭാഗങ്ങളെയും അസംഘടിത തൊഴിലാളികളെന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ് അസംഘടിത തൊഴിലാളികൾ. ഇൻഷുറൻസ്, പ്രസവാവധി, ഗ്രാറ്റ്യുവിറ്റി, തൊഴിൽ സുരക്ഷ, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ. മാന്യമായ വേതനം ഇല്ലാത്ത സാഹചര്യം, തൊഴിൽ ലഭ്യത ഉറപ്പില്ലാത്ത അവസ്ഥ, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ലഭ്യതക്കുറവ്, ദാരിദ്ര്യത്തിൽനിന്നും കരകയറാനാകാത്തത്, അധികാരികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, അതിസാങ്കേതികത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഇന്നത്തെ തൊഴിലാളി സമൂഹം ഏറെ ഞെരുക്കപ്പെടുന്ന സാഹചര്യത്തിലാണെന്ന് നമുക്ക് അറിയാം. ഇത്തരം പ്രശ്നങ്ങൾ

മുഖ്യമായും ബാധിക്കുക അസംഘടിത മേഖലയിലെ തൊഴിലാളി കളെയാണ്.

5. നമ്മുടെ രാജ്യത്തെ സമകാലീന സാഹചര്യങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ദൈനംദിന ജീവിതം കൂടുതൽ ബുദ്ധിമുട്ടു നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വളർച്ചാ നിരക്കിൽ ഗണ്യമായ തോതിൽ കുറവു വന്നുകൊണ്ടിരിക്കുക യാണ്. എന്നാൽ കഴിഞ്ഞ ജനുവരി മാസത്തിൽ നടന്ന ലോക സാമ്പത്തികഫോറത്തിന്റെ ഓക്സ്ഫാം റിപ്പോർട്ടനുസരി ച്ച് രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ സ്വത്തിൽ ഈ വർഷവും വലിയ തോതിൽ ഉള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യ യിലെ ആകെ സ്വത്തിന്റെ എഴുപത് ശതമാനവും ഉന്നതരായ പത്ത് ശതമാനത്തിന്റെ പക്കലാണ്. കേവലം ഒരു ശതമാനം വരുന്ന കോർപ്പറേറ്റുകളുടെ കൈവശം രാജ്യത്തെ ജനങ്ങളിലെ എഴുപത് ശതമാനത്തിൽ പരം വരുന്ന താഴെത്തട്ടിൽ വസിക്കുന്ന 95.3 കോടി ജനങ്ങളെക്കാൾ സമ്പത്ത് ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് ഇന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരികയാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

6. തൊഴിലുറപ്പു പദ്ധതി, കർഷക ക്ഷേമപദ്ധതി, അസംഘടിത തൊഴി ലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെയുള്ള തൊഴിലാളി ക്ഷേമപദ്ധതികളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറക്കപ്പെടു കയാണ്. ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും രാഷ്ട്രീയ നേട്ടങ്ങൾ ക്കും മൂലധന താത്പര്യങ്ങൾക്കുമനുസരിച്ച് മാറ്റിമറിക്കപ്പെടുമ്പോൾ സർക്കാർ പദ്ധതികളിൽ വിശ്വാസം നഷ്ടമാകുന്ന തൊഴിലാളികൾ സ്വയം പിൻവലിയുകയും ചെയ്യുന്നു.

സാമൂഹിക സുരക്ഷയുൾപ്പെടെയുള്ള പരിരക്ഷകൾ ഉണ്ടായി രുന്ന സംഘടിത മേഖലയിലും അസംഘടിത തൊഴിലാളി കളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോ ഗ്യം തുടങ്ങി എല്ലാ മേഖലകളിലും വ്യവസായ സ്ഥാപനങ്ങളിലും ദിവസ വേതനക്കാരും കരാർ ജീവനക്കാരും കൂടിവരുന്നു. ഇപ്പോൾ നടത്തപ്പെട്ടുക്കൊണ്ടിരിക്കുന്ന തൊഴിൽ നിയമ ഭേദഗതികളിലൂടെ തൊഴിലാളിയുടെ നിലവിലുള്ള പല അവകാശങ്ങളും നിഷേധിക്കു ന്നുവെന്ന് മാത്രമല്ല വ്യവസായ ഉടമകൾക്ക് സർവസ്വാതന്ത്ര്യവും നിയമ പരിരക്ഷയും ഉറപ്പാക്കുന്നു എന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ വിവേചനരഹി തമായി വിറ്റഴിക്കപ്പെടുന്നതും തൊഴിലാളികളെ ആശങ്കാകുലരാക്കു ന്നുണ്ട്. കൂടാതെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും വർഗീയസംഘർഷങ്ങളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അസംഘടിത തൊഴിലാളികളുടെ ജീവിതങ്ങളെ തകർത്തെറിയുന്നു. രാഷ്ട്രീയ, തൊഴിൽ വിഭാഗീയതയിലൂടെ സംഘശേഷി ചോർന്നു

പോയ തൊഴിലാളി സമൂഹത്തിന്റെ ഒന്നുചേരലിനുള്ള ചിന്തകളാകണം മെയ്ദിനത്തിൽ ഉയരേണ്ടത്.

7. സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ മാത്രമല്ല, ശാസ്ത്ര വികാസവും തൊഴിൽ മേഖലയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. കാർഷിക, വ്യാവസായിക സേവനമേഖലകളിൽ സാങ്കേതികത കൂടി ഉൾച്ചേർന്നപ്പോഴാണ് പുരോഗതി ഉണ്ടാവുകയും സാമ്പത്തിക വളർച്ച ഉണ്ടാവുകയും ചെയ്തത്. ഇതു തന്നെയാണ് തൊഴിൽ നഷ്ടത്തിനും മൽസരത്തിനും കളമൊരുക്കിക്കൊണ്ടിരിക്കുന്നതും. മാറിയ തൊഴിൽ സാഹചര്യത്തിനനുസൃതമായ പരിശീലനങ്ങൾ അസംഘടിത തൊഴിലാളികൾക്ക് ലഭിക്കാതെ വരുന്നതിനാൽ അവർ സാങ്കേതിക മേഖലയിൽ നിന്ന് പിന്തള്ളപ്പെടുകയും തൊഴിൽ ഇല്ലാത്തവരായി മാറുകയും ചെയ്യുന്നു.
8. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ, 'ലൗദാത്തോ സി' യുടെ മൂന്നാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്ക്സ് എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടതായി വരുന്നത്. മനുഷ്യനു ചെയ്യാൻ സാധ്യമായതിനപ്പുറമുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്തെടുക്കുന്നതാണ്, ലളിതമായി പറഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. തെറ്റുവരാനുള്ള സാധ്യത കുറവ്, വേഗത, കൃത്യത, തൊഴിലാളികളുടെ എണ്ണക്കുറവ്, മാനുഷിക ആവശ്യങ്ങൾക്കായുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കൽ, തൊഴിൽ പ്രശ്നങ്ങൾ, സംഘർഷങ്ങൾ ഇല്ലാത്ത സാഹചര്യം - എന്നിവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്. എന്നാൽ, ഉയർന്ന മുതൽമുടക്ക്, മനുഷ്യ ബുദ്ധിയോടുണ്ടാകുന്ന അവഗണന, സർഗാത്മകതയുടെ അഭാവം, തൊഴിലില്ലായ്മയുടെ വർദ്ധനവ് തുടങ്ങിയവ ഇവ മൂലമുണ്ടാകന്ന പ്രശ്നങ്ങളാണ്. 2030 ആകുമ്പോഴേക്കും തൊഴിൽ മേഖലയിലെ ഇരുപത് ലക്ഷത്തിൽ പരം അവസരങ്ങൾ റോബോട്ടുകൾ കൈയടക്കുമെന്നാണ് കണക്ക്.
9. ആർട്ടിഫിഷ്യൽ ഇന്റിലിജൻസും റോബോട്ടിക്ക്സും തൊഴിൽ മേഖലയെ മാറ്റിമറിക്കുമ്പോൾ ഇന്നത്തെ സംഘടിത മേഖലയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കും. പ്രസവാവധി വേണ്ടാത്ത, പെൻഷനും ഗ്രാറ്റ്യുവിറ്റിയും ഇൻഷുറൻസും വേണ്ടാത്ത, തൊഴിലാളി യൂണിയനുകളില്ലാത്ത അവധിയും വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്ന റോബോട്ടുകളെ ഏതു തൊഴിൽ ദാതാവാണ് പ്രയോജനപ്പെടുത്താതിരിക്കുക? ഇന്ത്യ പോലുള്ള രാജ്യത്ത് വിവേചനരഹിതമായ റോബോട്ടു വത്ക്കരണം വലിയ പ്രതിസന്ധികൾ ഉളവാക്കും.
10. ലോകത്തുണ്ടായ മാറ്റങ്ങളാണ് തൊഴിൽ മേഖലയെ മുന്നോട്ടു നയിച്ചത്. അവിടെയെല്ലാം മനുഷ്യന് പ്രാമുഖ്യം നല്കുന്ന സമീപനമാണ് തിരുസഭ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിയെയും അയാളുടെ

കുടുംബത്തെയും പൊതുസമൂഹത്തെയും തൊഴിൽദാതാവിനെയും ഒരേപോലെ പരിഗണിക്കുന്നതാണ് സഭയുടെ തൊഴിൽ ദർശനം. തൊഴിലാളിക്ക് ജീവനക്കൂലി മാത്രമല്ല, കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള കൂലി കൂടി നല്കണമെന്നും തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിൽ ഉഭയസമ്മതം നടത്തിയിട്ടുണ്ടെന്നിരുന്നാലും നിയമാനുസൃതമല്ലാത്തതായ കുറഞ്ഞ കൂലി നീതിയുക്തമാകില്ലെന്നും പഠിപ്പിക്കുന്ന സഭ, കൂലി നിശ്ചയിക്കുമ്പോൾ തൊഴിലാളിയുടെയും കുടുംബത്തിന്റെയും സുസ്ഥിതി, സ്ഥാപനത്തിന്റെ നിലനില്പ്, പൊതുനന്മയുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കപ്പെടണമെന്നും ഊന്നിപ്പറയുന്നു.

11. അതിനാൽ, കേരളസഭയുടെ തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ ലേബർ കമ്മീഷന്റെയും അതിന്റെ ഔദ്യോഗിക പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെയും പ്രവർത്തനങ്ങൾ കരുത്തുറ്റതാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവസരങ്ങളെ അനുകൂലമാക്കി അതിജീവനത്തിന് കരുത്തുപകരാൻ തൊഴിലാളികളെ സഹായിക്കാൻ കെ.എൽ.എം എല്ലാരൂപതകളിലും ഇടവകകളിലും രൂപീകരിക്കപ്പെടണം. സർക്കാർ പദ്ധതികളുടെ പ്രയോജനപ്പെടുത്തൽ, സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കരുത്താർജ്ജിക്കൽ, ലേബർ ബാങ്കുകൾക്ക് രൂപം നല്കി തൊഴിൽ ലഭ്യമാക്കൽ, ഫിനിഷിംഗ് സ്കൂളുകളിലൂടെ തൊഴിലാളിയുടെ നൈപുണ്യ വികസനം, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികളിലൂടെയും ക്ഷേമനിധി അംഗത്വത്തിലൂടെയും സുരക്ഷ ഉറപ്പാക്കൽ, തൊഴിലാളി ഫോറങ്ങളിലൂടെ സംഘശക്തിയായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ലേബർ മൂവ്മെന്റ് ഏറ്റെടുത്ത് നടത്തിവരുന്നു. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനവും എല്ലായിടങ്ങളിലേക്കും വ്യാപിപ്പിക്കണം. തൊഴിലാ ളികൾ സംഘടിതരായി നിലനിന്നെങ്കിൽ മാത്രമേ അവകാശങ്ങൾ സംരക്ഷിക്കാനാകൂ എന്ന കാര്യം എല്ലാ തൊഴിലാളികളെയും ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ രൂപതകളുടെയും വിവിധ സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശക നയരേഖ (പീപ്പിൾ മാനേജ്മെന്റ് പോളിസി) കെ.സി.ബി.സി. പുറത്തിറക്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. കെ.എൽ.എം.ന്റെ സേവനം ഫലപ്രദമായി ഇതിനായി ഉപയോഗപ്പെടു

ത്താവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിയമാനുസൃത ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് കെ.സി.ബി.സി. പുറത്തിറക്കിയ രേഖ നിർദേശിക്കുന്ന സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

12. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിഞ്ഞു വരുന്നതിനനുസരിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കുക, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധമുള്ളവരാക്കുക, നൂതന ഉപഭോക്തൃ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നല്കുക, ആധുനിക കൃഷിരീതികളിൽ പരിശീലനം നേടി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകളെ ശാസ്ത്രീയമായി പരിവർത്തിതമാക്കുക തുടങ്ങി നവീന സാധ്യതകളെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കേരള ലേബർ മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ രൂപതകളുടെയും അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സഹകരണവും കുടുംബ യൂണിറ്റുകൾ/ബിസിസികൾ വഴി പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്കെത്തിക്കാൻ എല്ലാ അല്മായ സഹോദരങ്ങളുടെയും സന്മനസ്സും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനേകായിരം അന്യസംസ്ഥാന തൊഴിലാളികളും നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അവരുടെ അജപാലന ആവശ്യങ്ങൾ, സാമൂഹിക സുരക്ഷ എന്നീ കാര്യങ്ങൾക്ക് നാം പ്രത്യേക മുൻഗണന നല്കണം. അതിനാൽ ഈ വർഷം നമ്മുടെ എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ രൂപീകരിക്കണമെന്നും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും കേരള ലേബർ മൂവ്മെന്റും മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങളോടു സഹകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സഹായത്താൽ ദൈവത്തിന്റെ കാരുണ്യവും കനിവും നമ്മിലുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

(പി.ഒ.സി.യിൽനിന്നും നൽകപ്പെട്ടത്)

341/20
01.04.2020

## സർക്കുലർ

## വിശുദ്ധവാര ദിനങ്ങൾ

*[കോവിഡ്19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ 2020 ലെ വിശുദ്ധവാര ശുശ്രൂഷകളിൽ ഇടവകകളിലും സ്ഥാപനങ്ങളിലും പാലിക്കേണ്ടതായ കാര്യങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളായി നൽകപ്പെട്ടത്.]*

മിശിഹായിൽ പ്രിയ സഹോദര വൈദികരെ, സ്നേഹമുള്ള സമർപ്പിതരെ, വാത്സല്യ സഹോദരി സഹോദരന്മാരെ,

ആരാധനാക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായ ഈസ്റ്റർ ദിനത്തിലേക്കും അതിനു മുമ്പുള്ള വിശുദ്ധവാരത്തിലേക്കും നാം പ്രവേശിക്കുകയാണല്ലോ. രക്ഷാകര ചരിത്രത്തിലെ വളരെ പ്രധാനപ്പെട്ട സംഭവങ്ങളായ നമ്മുടെ കർത്താവീശോമിശിഹായുടെ ദേവാലയ പ്രവേശനവും, സെഹിയോൻ ഊട്ടുശാലയിലെ അന്ത്യഅത്താഴവും, വി. കുർബ്ബാന സ്ഥാപനവും, ഗത്സെമിനിലെ പ്രാർത്ഥനയും, പീഢാസഹനവും, മരണവും, സംസ്കാരവും, മഹത്വപൂർണ്ണമായ ഉത്ഥാനവും ഈ വർഷം അനുസ്മരിക്കുന്നത് ജനപങ്കാളിത്ത മില്ലാതെയാണ്. കൊറോണ വൈറസിന്റെ വ്യാപനം മൂലം ഏറെ വേദനയോടും അതിലേറെ ദുഃഖഭാരത്താലും ഈ അനുസ്മരണം ദേവാലയങ്ങളിൽ ജനപങ്കാളിത്തമില്ലാതെ നടത്തപ്പെടുമ്പോൾ പ്രത്യാശ കൈവിടാതെ നമ്മുടെ കർത്താവീശോമിശിഹായുടെ പീഢാസഹനങ്ങളിലും കുരിശുമരണത്തിലും പങ്കുചേർന്ന് ഉത്ഥാനത്തിന്റെ സന്തോഷവും സമാധാനവും നമുക്ക് കൈവരിക്കാം. കോവിഡ്19 മഹാമാരിയിൽനിന്നും നമ്മെയും നമ്മുടെ ലോകം മുഴുവനേയും രക്ഷിക്കണമേയെന്ന് നമുക്ക് തീക്ഷ്ണമായി തുടർന്നും പ്രാർത്ഥിക്കാം.

2020 ലെ ഈസ്റ്ററും വിശുദ്ധവാരകർമ്മങ്ങളും വളരെ വ്യത്യസ്തമായൊരു അന്തരീക്ഷത്തിലാണ് നാം പരികർമ്മം ചെയ്യേണ്ടത്. ദൈവജനത്തിന് പള്ളിയിൽ ഒന്നിച്ച് കൂടി പങ്കെടുക്കാനാകാത്ത നൊമ്പരപ്പെടുത്തുന്ന ഇപ്പോഴത്തെ അവസ്ഥയിൽ മാധ്യമങ്ങളിലൂടെ തിരുക്കർമ്മങ്ങൾ സംപ്രേക്ഷണം ചെയ്യപ്പെടുന്നത് വീടുകളിൽ ഇരുന്ന് പ്രാർത്ഥിക്കുവാനും രക്ഷാകര രഹസ്യങ്ങൾ ഭക്തിയോടെ അനുസ്മരിക്കുവാനും ഏറെ സഹായകരമാണ്. അത് നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ശക്തി നൽകുവാൻ ഉപകരിക്കുകയും ചെയ്യും. എന്നാൽ മാധ്യമങ്ങളിലൂടെയുള്ള തിരുക്കർമാനുഷ്ഠാനങ്ങൾ ദേവാലയത്തിലെത്തി തിരുക്കർമങ്ങളിൽ പങ്കെടുക്കുന്നതിനു പകരമാകില്ല എന്നു നാം ഓർമ്മിക്കണം.

വലിയ ആഴ്ചയിലേക്കു നാം പ്രവേശിക്കുമ്പോൾ വി. കുമ്പസാര

ത്തിലൂടെ പാപമോചനവും വിശുദ്ധീകരണവും പ്രാപിക്കുവാൻ നാം എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. കുമ്പസാരത്തിനു വ്യക്തിപരമായി അണയുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ടായിരിക്കുന്ന ഈ അവസരത്തിൽ തന്റെ മക്കളെ സ്നേഹിക്കുന്ന ദൈവം നമ്മോടു കരുണ കാണിക്കുമെന്ന് പ്രത്യാശിക്കാം. തിരുസഭയുടെ പ്രബോധനം അനുസരിച്ചു നമ്മെ പഠിപ്പിക്കുന്നത്, നേരിട്ടു കുമ്പസാരിക്കുവാൻ പ്രായോഗികവും ഗൗരവമായിട്ടുള്ള തടസ്സമുണ്ടാകുന്ന അവസരത്തിൽ ആവുന്നത്ര നേരത്തെ കൂദാശപരമായ കുമ്പസാരത്തിനു അണയുമെന്ന ഉറച്ച തീരുമാനത്തോടെ, പൂർണ്ണമനസ്താപത്തോടുകൂടി ദൈവത്തിന്റെ മുമ്പിൽ നാം പാപങ്ങൾ ഏറ്റു പറഞ്ഞാൽ നമ്മുടെ എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നതാണ് (കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം 1452). കുമ്പസാരത്തിനു അണയുവാൻ കൊറോണ വൈറസിന്റെ വ്യാപനം മൂലം നമുക്ക് ഇപ്പോൾ അസാധ്യമായി തീർന്നിരിക്കുകയാണല്ലോ. അതിനാൽ ഇപ്പോഴുള്ള സാഹചര്യം മാറുമ്പോൾ ഏറ്റവും അടുത്തുതന്നെ പരിശുദ്ധ കുമ്പസാരം നടത്തുമെന്നുള്ള പ്രതിജ്ഞയോടുകൂടി യഥാർത്ഥ അനുതാപത്തോടെ ദൈവസന്നിധിയിൽ നമ്മുടെ പാപങ്ങൾ ഏറ്റുപറയാം. അവിടുന്ന് നമ്മുടെ പാപങ്ങൾ മോചിച്ച് നമ്മെ വിശുദ്ധീകരിക്കുന്നതാണ്.

കൊറോണ വൈറസിന്റെ വ്യാപനം പൂർണ്ണമായും നിയന്ത്രിക്കപ്പെട്ടു കഴിഞ്ഞാൽ നമുക്ക് നേരിട്ട് കുമ്പസാരിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനും അതുവഴി മറ്റുള്ളവരുടേയും നമ്മുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന 21 ദിവസത്തെ ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിലും, സംസ്ഥാന സർക്കാരും ആരോഗ്യ വകുപ്പും നൽകുന്ന നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ഈ വർഷത്തെ വിശുദ്ധവാരാചരണം നമുക്ക് പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ആരാധനക്രമത്തെകുറിച്ചുള്ള വത്തിക്കാൻ തിരുസംഘവും പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയവും നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവ് സീറോമലബാർസഭയിലെ രൂപതകളിൽ വിശുദ്ധവാരാചരണമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വൈറസ് വ്യാപനത്തെ ചെറുക്കുന്നതിനുവേണ്ടി നിലവിലുള്ള നിയന്ത്രണങ്ങളുടെ ഭാഗമായി ഈ വർഷത്തെ തിരുക്കർമ്മങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെയാണ് നടത്തേണ്ടത്.

2. അഭിവന്ദ്യ പിതാക്കന്മാർ കത്തീഡ്രൽ ദൈവാലയങ്ങളിലും ബഹു. വൈദികർ ഇടവക ദൈവാലയങ്ങളിലും ആവശ്യംവേണ്ട ശുശ്രൂഷ കരുടെ മാത്രം (5 പേരിൽ കൂടാതെ) പങ്കാളിത്തത്തോടെയാണ് തിരുക്കർമ്മങ്ങൾ നടത്തേണ്ടത്.
3. സാധിക്കുന്നിടത്തോളം കത്തീഡ്രൽ ദൈവാലയങ്ങളിൽനിന്നോ അതാത് ഇടവകകളിൽനിന്നോ വിശുദ്ധവാര തിരുക്കർമ്മങ്ങൾ ലൈവ് ആയി വിശ്വാസികൾക്കുവേണ്ടി സംപ്രേഷണം ചെയ്യേണ്ട താണ്.
4. ഓശാന ഞായറാഴ്ച വൈദികൻ വിശുദ്ധ കുർബ്ബാനയർപ്പിക്കു മ്പോൾ അന്നത്തെ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി മാത്രം കുരുത്തോലകൾ (ലഭ്യമെങ്കിൽ) ആശീർവ്വദിച്ചാൽ മതിയാ കും. അന്ന് മറ്റുള്ളവർക്ക് കുരുത്തോല വിതരണം നടത്തേണ്ടതില്ല.
5. വി. മൂറോൻ കൂദാശ വിശുദ്ധവാരത്തിൽ നടത്തേണ്ടതില്ല. പിന്നീട് ഒരു ദിവസം നടത്താവുന്നതാണ് (ഉദാ. പെന്തക്കുസ്താ തിരുനാളി നോടനുബന്ധിച്ച്).
6. പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കേ ണ്ടതാണ്.
7. പെസഹാവ്യാഴാഴ്ച ഭവനങ്ങളിൽ നടത്താറുള്ള അപ്പംമുറിക്കൽ ശുശ്രൂഷ ഓരോ ഭവനത്തിലുമുള്ളവർക്കു മാത്രമായി പരിമിത പ്പെടുത്തേണ്ടതാണ്. ഇടവക അടിസ്ഥാനത്തിലോ കുടുംബകൂട്ടായ്മ അടിസ്ഥാനത്തിലോ ബന്ധുവീടുകൾ ഒന്നിച്ചുചേർന്നോ നടത്താ റുള്ള അപ്പം മുറിക്കൽ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
8. പീഡാനുഭവവെള്ളിയാഴ്ചയുള്ള ക്രൂശിതരൂപ/സ്ലീവാചുംബനവും പുറത്തേയ്ക്കുള്ള കുരിശിന്റെ വഴിയും പരിഹാരപ്രദക്ഷിണവും നടത്താൻ പാടില്ല. ഈ ദിവസത്തെ തിരുക്കർമ്മങ്ങൾ ആവശ്യമെ ങ്കിൽ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം (സെപ്തംബർ 14 ന്) നടത്താവുന്നതാണ്.
9. വലിയ ശനിയാഴ്ചയിലെ തിരുക്കർമ്മങ്ങൾ നടത്തുമ്പോൾ ജനങ്ങൾക്ക് നൽകാൻവേണ്ടി വെള്ളം വെഞ്ചരിക്കേണ്ടതില്ല. പിന്നീടൊരവസരത്തിൽ ജനങ്ങൾക്ക് വെള്ളം വെഞ്ചരിച്ച് നൽകാവു ന്നതാണ്.
10. ഉയിർപ്പ്തിരുനാളിന്റെ കർമങ്ങൾ രാത്രിയിൽ നടത്തേണ്ടതില്ല. പകരം അന്നു രാവിലെ വി. കുർബ്ബാനയർപ്പിച്ചാൽ മതിയാകും.
11. വിശുദ്ധവാരത്തിലെ ദിവസങ്ങൾ പ്രാർത്ഥനയുടെ ദിവസങ്ങളാക്കി മാറ്റുന്നതിന് നമ്മുടെ കുടുംബങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാവരും ഒരുമിച്ച് കുടുംബപ്രാർത്ഥനകൾ സജീവമായി നടത്തണം. വിശുദ്ധവാരത്തിലെ ഓരോ ദിവസത്തിനും യോജിച്ച ബൈബിൾ ഭാഗങ്ങൾ അന്നത്തെ കുടുംബപ്രാർത്ഥനയുടെ ഭാഗ

മായി വായിക്കേണ്ടതാണ്. യാമപ്രാർത്ഥനകൾ, കുരിശിന്റെ വഴി, കരുണകൊന്ത എന്നിവ കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലുന്നത് വിശുദ്ധവാരത്തിന്റെ ചൈതന്യം നിലനിർത്തുന്നതിന് സഹായിക്കും.

വിശുദ്ധവാരദിനങ്ങൾ നമുക്ക് പ്രാർത്ഥനയുടേയും ദൈവവചന പാരായണത്തിന്റേയും ആദ്ധ്യാത്മിക നവീകരണത്തിന്റേയും ദിനങ്ങളാക്കി മാറ്റുവാൻ പരിശ്രമിക്കാം. നിർദ്ദേശത്തിൽ പരാമർശി ച്ചിരിക്കുന്ന പ്രാർത്ഥനകളോടൊപ്പം തിരുമണിക്കൂർ, വചനപാരായണം, പുത്തൻപാന പാരായണം എന്നിവ വഴി ആത്മീയ മായ കരുത്ത് നേടാം. തിരുസഭയുടെ ഔദ്യോഗികമായിട്ടുള്ള യാമ പ്രാർത്ഥനകൾ ദിവസ ത്തിന്റെ വിവിധ യാമങ്ങളിൽ ചൊല്ലുന്നത് നമ്മുടെ ക്രൈസ്തവ ജീവിത ത്തിന് വളരെ സഹായകരമാണ്. കുടുംബാംഗങ്ങൾ ഒന്നിച്ചു ചിലവഴി ക്കുന്ന ഈ ദിനങ്ങളിൽ നമ്മുടെ ഭവനങ്ങളിലെ മക്കൾക്ക് വിശ്വാസ പരിശീലനത്തിൽ ബോധ്യങ്ങൾ വളർത്തുവാനും പ്രാർത്ഥനാ ജീവിത ത്തിൽ അവരെ ശക്തിപ്പെടുത്തുവാനും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ ചെലുത്തണം.

പ്രാർത്ഥനയോടൊപ്പം ഈ വിശുദ്ധവാരദിനങ്ങൾ ദാനധർമ്മത്തിനും ഉപവിപ്രവർത്തനങ്ങൾക്കുമുള്ള അവസരമാക്കി മാറ്റണം. ഇതിനോടകം തന്നെ സർക്കാരിന്റെ സന്നദ്ധസേനയിൽ അംഗങ്ങളായി ഏറെപ്പേർ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും ആരോഗ്യരംഗ ത്തു ശുശ്രൂഷ ചെയ്യുവാനും തയ്യാറായിട്ടുണ്ട്. അവരെ പ്രത്യേകമായി അനുമോദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യുന്നു. ഇടവകകളുടേയും നമ്മുടെ സംഘടനകളുടേയും രൂപത സോഷ്യൽ ആക്ഷൻ യൂണിറ്റുകളുടേയും അവാർഡ് സൊസൈറ്റിയുടേയും സന്യാസസമൂഹങ്ങളുടേയും സ്ഥാപന ങ്ങളുടേയും നേതൃത്വത്തിൽ വിവിധ കർമ്മപദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ട്. നമ്മുടെ ചുറ്റുവട്ട ത്തുള്ള വീടുകളിൽ ഉള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സർക്കാർ സംവിധാനങ്ങളോട് ചേർന്ന് വേണ്ട സഹായം എത്തിക്കുവാൻ തുടർന്നും നാം ജാഗ്രത പാലിക്കണം.

ഏറ്റവും സ്നേഹമുള്ളവരേ, പരിമിതമായ ഈ സാഹചര്യത്തിൽ 2020 ലെ വിശുദ്ധവാരാചാരണം ഒരു അനുഗ്രഹത്തിന്റെ കാലഘട്ടമായി മാറ്റുവാൻ നമുക്ക് പരിശ്രമിക്കാം. അനുദിന വി. കുർബ്ബാന അർപ്പണ ത്തിലും യാമപ്രാർത്ഥനകളിലും തിരുമണിക്കൂറുകളിലും നിങ്ങളോ രോരുത്തരേയും ഞാൻ പ്രത്യേകം അനുസ്മരിക്കുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും നമ്മുടെ രൂപതയേയും വൈദികരേയും സമർപ്പിതരേയും എല്ലാ കുടുംബങ്ങളേയും ഓർക്കുമല്ലോ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

രൂപതാഭവനം
01.04.2020

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



# കച്ചേരി കാര്യങ്ങൾ

1. **മെയ് 1 – തൊഴിലാളി ദിനം** : തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം എല്ലാവർക്കും പ്രത്യേകിച്ച് വിവിധ തൊഴിൽ മേഖലകളിൽ അദ്ധ്വാനിക്കുന്നവർക്കും വേണ്ടി അപേക്ഷിക്കാം.
2. **വൈദിക വസ്ത്രസ്വീകരണം** : ഈ വർഷം ഇരിങ്ങാലക്കുട രൂപതയ്ക്കുവേണ്ടി വൈദികവസ്ത്രം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെ പേരുകൾ താഴെ ചേർക്കുന്നു. ഒരുക്കത്തിന്റെ ഈ നാളുകളിൽ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.
   1. ബ്രദർ ചക്കാലമറ്റത്തിൽ എഡ്വിൻ (പുത്തൻചിറ ഫൊറോന)
   2. ബ്രദർ കാഞ്ഞൂക്കാരൻ ഡിക്സൻ (ആളൂർ)
   3. ബ്രദർ ഷിറ്റോ കുറ്റിക്കാടൻ (കടപ്പുറം)
   4. ബ്രദർ പാണാടൻ ഫ്രാങ്കോ (കുറ്റിക്കാട്)
   5. ബ്രദർ പാറയിൽ ജെറിൻ (വെളയനാട്)
   6. ബ്രദർ പയ്യപ്പിള്ളി ജോസഫ് (പുത്തൻചിറ)
   7. ബ്രദർ പെരിഞ്ചേരി ക്ലിന്റൻ (വെണ്ണൂർ)
3. **റീജൻസി ബ്രദേഴ്സ്** : വൈദിക പരിശീലനത്തിന്റെ ഭാഗമായി ഈ വർഷം റീജൻസി നടത്തുന്ന ബ്രദേഴ്സ് താഴെ പറയുന്നവരാണ്.
   1. ബ്രദർ എടത്തിരിത്തിക്കാരൻ റിജോ (മാപ്രാണം)
   2. ബ്രദർ പഴയാറ്റിൽ അബിൻ (മാള ഫൊറോന)
4. **മേജർ സെമിനാരി വൈദിക പരിശീലനം** : ഈ വർഷം ദൈവശാസ്ത്ര – തത്വശാസ്ത്ര പഠനങ്ങൾക്കായി വിവിധ മേജർ സെമിനാരികളിൽ അയക്കപ്പെടുന്ന ബഹുമാനപ്പെട്ട ബ്രദേഴ്സിന്റെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

   ❖ **തത്വശാസ്ത്രപഠനം**

   1. ബ്രദർ ആഷിക് മാണിക്കത്തുപറമ്പിൽ (കോട്ടയം)
   2. ബ്രദർ എഡ്വിൻ പാറയിൽ (തൃശൂർ)
   3. ബ്രദർ ബിജീഷ് കോട്ടയ്ക്കൽ (കുന്നോത്ത്)
   4. ബ്രദർ ജെയ്ജോ തട്ടിൽ (കോട്ടയം)
   5. ബ്രദർ ജോയൽ വെള്ളാനിക്കാരൻ (ആലുവ)
   6. ബ്രദർ സ്റ്റെഫിൻ മാളിയേക്കൽ (ആലുവ)

7. ബ്രദർ ആന്റണി ചെമ്പൻ (കുന്നോത്ത്)
8. ബ്രദർ മിഥുൻ വടക്കൻ (ആലുവ)
9. ബ്രദർ ആഷേർ കൂനൻ (തൃശൂർ)

❖ **ദൈവശാസ്ത്രപഠനം**

1. ബ്രദർ ഡിക്സൻ കാഞ്ഞൂക്കാരൻ (കോട്ടയം)
2. ബ്രദർ ഷിറ്റോ കുറ്റിക്കാടൻ (കോട്ടയം)
3. ബ്രദർ എഡ്വിൻ ചക്കാലമറ്റത്ത് (കുന്നോത്ത്)
4. ബ്രദർ ഫ്രാങ്കോ പാണാടൻ (കുന്നോത്ത്)
5. ബ്രദർ ജോസഫ് പയ്യപ്പിള്ളി (ആലുവ)
6. ബ്രദർ ജെറിൻ പാറയിൽ (ആലുവ)
7. ബ്രദർ ക്ലിന്റൻ പെരിഞ്ചേരി (ആലുവ)

5. **നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ** : നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ മെയ് 21 വ്യാഴാഴ്ചയാണ് (ഉയിർപ്പ് 6-ാം ഞായർ കഴിഞ്ഞ് വരുന്ന വ്യാഴാഴ്ച) എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. പൗരസ്ത്യ സഭകളിൽ ഈ തിരുനാൾ കടമുള്ള ദിവസമാണ്. (സീറോ മലബാർ ആരാധന പഞ്ചാംഗം, പേജ് 5)

6. **പന്തകുസ്തതിരുനാൾ - മെയ് 31 ഞായർ** : 'പന്തകുസ്ത' എന്ന പദത്തിന്റെ അർത്ഥം അമ്പത് എന്നാണ് - അമ്പതാം ദിവസത്തെ തിരുനാൾ. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെമേൽ എഴുന്നള്ളി വന്നതും സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും. പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്, അവിടുത്തെ നിരന്തര സഹായത്താൽ, നമുക്കും ശ്ലീഹാന്മാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

7. **പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ - ജൂൺ 7 ഞായർ** : പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ മുതൽ ത്രികാലജപം - 'കർത്താവിന്റെ മാലാഖ' ചൊല്ലേണ്ടതാണ്.

8. **2019-2020 വർഷത്തെ തെരട്ട്** : കോവിഡ്19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഇടവകകളിലെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക തെരട്ട് രൂപതയിൽ സമർപ്പിക്കേണ്ട തിയ്യതികൾ മാറ്റിവച്ചിരിക്കുന്നു. പുനഃക്രമീകരിച്ച സമയക്രമങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. അതിനാൽ നൽകപ്പെടുന്ന തിയ്യതിക്കുതന്നെ തെരട്ട് സമർപ്പിക്കുവാൻ സൗകര്യപ്രദമായ രീതിയിൽ കണക്കുകളും മറ്റും തയ്യാറാക്കുമല്ലോ.

9. **ജൂനിയർ സിസ്റ്റേഴ്സ് - തിയോളജി കോഴ്സ്** : ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ കല്ലേറ്റുംകര പാക്സിൽ വച്ച് നടത്താനിരുന്ന ജൂനിയർ സിസ്റ്റേഴ്സിന്റെ തിയോളജി കോഴ്സ് ഈ വർഷം

ഉണ്ടായിരിക്കുന്നതല്ല. ഈ വർഷം പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അടുത്ത വർഷത്തെ തിയോളജി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

10. **രൂപത ഡയറക്ടറി 2020 :** പുതിയ രൂപത ഡയറക്ടറി 2020 ലേക്കുള്ള വിവരങ്ങൾ ഇനിയും നൽകാത്തവർ എത്രയും വേഗം രൂപത കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

11. **വൈദികരുടെ വാർഷികധ്യാനം :** ബഹു. അച്ചന്മാരുടെ വാർഷികധ്യാനം കല്ലേറ്റുംകര പാക്സിൽ വച്ച് **2020 ജൂൺ 15 തിങ്കൾ** മുതൽ **19 വെള്ളി** വരെയും, **2020 ജൂൺ 22 തിങ്കൾ** മുതൽ **26 വെള്ളി** വരെയും രണ്ട് ബാച്ചുകളായി നടത്തപ്പെടുന്നു.

ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ചുള്ള ലിസ്റ്റ് 2020 മാർച്ച് മാസത്തെ ബുള്ളറ്റിനിൽ (**54,55,56,57** പേജുകൾ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധ്യാനഗുരുക്കന്മാർ: റവ. ഫാ. മാത്യു കക്കാട്ടുപള്ളി വി.സി., റവ. ഫാ. ജോജോ മാരിപ്പാട്ട് വി.സി.

ബഹു. അച്ചന്മാർ ധ്യാനത്തിനു വരുമ്പോൾ കുർബ്ബാന കണക്ക്, കുമ്പസാര പത്തേന്തി തുടങ്ങിയവ കൊണ്ടുവരണം. ധ്യാനത്തിൽ ആദ്യന്തം പങ്കുകൊള്ളുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. NB : ധ്യാനതിയ്യതികളിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

12. **പ്രാർത്ഥനാദിനം – മെയ് 3 ഞായർ :** കേരളത്തിലെ വിവിധ സഭാമേലദ്ധ്യക്ഷന്മാരും മറ്റ് മതനേതാക്കളും സംയുക്തമായി, കോവിഡ് 19 മഹാമാരിയിൽ ദൈവകരുണ യാചിച്ചുകൊണ്ട് 2020 മെയ് 3 ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുവാൻ നൽകിയിരിക്കുന്ന ആഹ്വാനം കെ.സി.ബി.സി.യുടെ നിർദ്ദേശമനുസരിച്ച് പ്രത്യേകം അറിയിക്കുന്നു.

| | |
|---|---|
| രൂപതാ കാര്യാലയം | **മോൺ. ലാസർ കുറ്റിക്കാടൻ** |
| 24.04.2020 | വികാരി ജനറാൾ |

## സ്മരണാഞ്ജലി




| | |
|---|---|
| റവ. ഫാ. ജെയ്ക്കബ് വേഴപറമ്പിൽ | 10.05.1981 |
| മോൺ. സക്കറിയാസ് പുതുശ്ശേരി | 13.05.1988 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.) | 08.05.1996 |
| റവ. ഫാ. ആന്റണി പറോക്കാരൻ | 20.05.2000 |
| റവ. ഫാ. വിൽസൻ ഊക്കൻ | 14.05.2003 |
| റവ. ഫാ. ജോർജ്ജ് കാളൻ | 08.05.2018 |
| റവ. ഫാ. റോക്കി വാഴപ്പിള്ളി | 28.05.2019 |

## വൈദിക-സമർപ്പിത ഡയറക്ടറി 2020

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ,

നമ്മുടെ രൂപതയുടെ വൈദിക-സമർപ്പിത വർഷാചരണത്തെ (2016-2017) തുടർന്ന് രൂപതയിലെ 137 ഇടവകകളിൽ നിന്നുള്ള 700-ഓളം വരുന്ന ബഹു. വൈദികരുടേയും ബഹു. ബ്രദേഴ്സിന്റേയും (Permanent Brotherhood) 3000-ഓളം വരുന്ന ബഹു. സിസ്റ്റേഴ്സിന്റെയും ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് 'ഡാറ്റ' ശേഖരിക്കുന്നതിനായി ഫോമുകൾ നൽകുകയും 120-ഓളം ഇടവകകൾ ഈ ഫോമുകൾ ഭാഗികമായോ പൂർണ്ണമായോ ഫോട്ടോയോടുകൂടിയോ ഫോട്ടോ ഇല്ലാതെയോ പൂരിപ്പിച്ച് തിരിച്ചേൽപ്പിക്കുകയും ചെയ്ത കാര്യം നന്ദിയോടെ ഓർക്കുന്നു. അന്നത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ദൈവവിളി പ്രോത്സാഹന വർഷത്തിന്റെ സമാപനമായ 2020 സെപ്തംബർ 10ന് മേൽപ്പറഞ്ഞ എല്ലാവരേയും ഉൾപ്പെടുത്തിയുള്ള ഒരു 'വൈദിക-സമർപ്പിത ഡയറക്ടറി' പ്രസിദ്ധീകരിക്കുന്നു. അതിനാൽ ഇക്കാര്യത്തിനായി, മുമ്പ് ഓരോ ഇടവകയിൽ നിന്നും രൂപത കേന്ദ്രത്തിൽ നൽകിയിട്ടുള്ള ഫോമുകൾ തിരിച്ച് നൽകുന്നതോടൊപ്പം 2020ൽ പൂരിപ്പിച്ച് നൽകേണ്ടതായ പുതിയ ഫോമുകൾ കൂടി നൽകുകയും ചെയ്യുന്നതാണ്. ഈ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഓരോ ഇടവകയിൽനിന്നും ഏതെങ്കിലും വൈദികരോ സന്യസ്ഥരോ മരിക്കുകയോ ആരെങ്കിലും പുതുതായി ഉണ്ടാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതും കൂടി ഉൾപ്പെടുത്തി പുതിയ ഫോമിൽ ഇടവകയിൽ നിന്നുള്ള ബഹു. വൈദികർ, ബഹു. ബ്രദേഴ്സ് (Permanent Brotherhood), ബഹു. സിസ്റ്റേഴ്സ് എന്നിവരുടെ വിശദവിവരങ്ങൾ പൂരിപ്പിച്ച്, ഫോട്ടോയൊടോപ്പം തിരിച്ചേൽപ്പിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഈ ലോക്ക്ഡൗൺ ദിവസങ്ങളിൽ കുടുംബയൂണിറ്റ് ഭാരവാഹികളുടേയോ ബ്രദേഴ്സിന്റേയോ സേവനം ഉപയോഗപ്പെടുത്തി ഈ വിവരങ്ങൾ ശേഖരിക്കുമല്ലോ. ബഹുമാനപ്പെട്ട അച്ചന്മാരുടെ ശ്രദ്ധയും താത്പര്യവും പ്രത്യേക പരിശ്രമവും ഉണ്ടെങ്കിലേ ഇത് യാഥാർത്ഥ്യമാകുകയുള്ളൂ. ബഹു. അച്ചന്മാരുടെ ത്യാഗപൂർണ്ണമായ സഹകരണത്തിന് മുൻകൂട്ടി നന്ദിപറഞ്ഞുകൊണ്ട്,

സ്നേഹാദരങ്ങളോടെ

**മോൺ. ജോസ് മഞ്ഞളി**

വികാരി ജനറാൾ

**NB**: നമ്മുടെ 'ഇരിങ്ങാലക്കുട രൂപത വൈദികരുടെ' പേരുവിവരങ്ങൾ "Priest Directory 2020" ൽ നൽകിയിട്ടുള്ളതുകൊണ്ട് അവ ശേഖരിക്കണമെന്നില്ല. ഫോമുകൾ സ്വീകരിക്കേണ്ടതും തിരിച്ച് തരേണ്ടതുമായ രീതികളും തിയ്യതികളും പിന്നീട് അറിയിക്കുന്നതാണ്.



## റവ. സി.റൊണാൾഡ് എഫ്.സി.സി

**മരണം : 22.02.2020**

ഇരിങ്ങാലക്കുട രൂപത, പുത്തൻചിറ ഇടവക, മാളിയേക്കൽ കൂനൻ പരേതനായ തോമസിന്റേയും ബ്രിജിത്തയുടേയും മകളായി 04.05.1937 ൽ ഭൂജാതയായ ലീലാമ്മ 1961 ൽ ബി.എസ്.സി. പഠനാർത്ഥം അർത്ഥിനിയായി ചേർന്നു. 29.04.1963ൽ സഭാവസ്ത്രസ്വീകരിച്ച് 02.05.1965 ൽ പ്രഥമവ്രതവാഗ്ദാനം നടത്തി സി. റൊണാൾഡ് എന്ന നാമം സ്വീകരിച്ചു. 06.05.1968ൽ നിത്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ ഗോൾഡൻ ജൂബിലി ആഘോഷിച്ചു. വെള്ളിക്കുളങ്ങര, നെല്ലിക്കുന്ന്, തൃശൂർ, ചാലക്കുടി, പ്രൊവിൻഷ്യൽ ഹൗസ്, ചെന്നൈ, കൊടുങ്ങല്ലൂർ, പോട്ട, കയ്പമംഗലം, തെക്കൻ താണിശ്ശേരി, പുളിപ്പറമ്പ്, കോട്ടാറ്റ്, മുരിങ്ങൂർ എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ കൗൺസിലർ, സുപ്പീരിയർ, ഹെഡ്മിസ്ട്രസ്, ജൂനിയർ മിസ്ട്രസ്, പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ബെസ്റ്റ് ഹെഡ്മിസ്ട്രസ് അവാർഡിനർഹയായിട്ടുണ്ട്. 2018ൽ വെള്ളിക്കുളങ്ങര പ്രസന്റേഷൻ മഠത്തിൽ വിശ്രമജീവിതം നയിച്ചുവരവെ 22.02.2020 ന് തന്റെ ആത്മമണവാളന്റെ സന്നിധിയിലേക്ക് സിസ്റ്റർ യാത്രയായി.



## റവ. സി. ജെയ്സൺ എഫ്.സി.സി.

**മരണം : 07.04.2020**

ഇരിങ്ങാലക്കുട രൂപത, കൊമ്പത്തുകടവ് ഇടവക പുഞ്ഞേലിപ്പറമ്പിൽ സേവ്യർ - ത്രേസ്യ ദമ്പതികളുടെ ഏഴാമത്തെ മകളായി 25.04.1944 ൽ ബഹു. ജെയ്സനമ്മ ജനിച്ചു. എന്നെ ഈശോയുടെ മണവാട്ടിയാക്കണമെ എന്ന പരിശുദ്ധ അമ്മയോടുള്ള പ്രത്യകമാദ്ധ്യസ്ഥം വഴിയായി ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ ചാലക്കുടി എസ്.എച്ച്. മഠത്തിൽ 01.12.1965ൽ അർത്ഥിനിയായി ചേരുകയും 08.05.1968 ൽ ആദ്യവ്രതവാഗ്ദാനവും 02.05.1973 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2018 ൽ തന്റെ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. അമ്മയുടെ ജീവിതത്തിന്റെ ആപ്തവാക്യം ത്യാഗത്തിലൂടെ സഹനത്തിലൂടെ, സ്നേഹത്തിലൂടെ ഈശോയെ സ്നേഹിക്കുക എന്നതായിരുന്നു. കോട്ടാറ്റ് മഠാംഗമായിരിക്കെ ചികിത്സാർത്ഥം കരാഞ്ചിറ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകുകയും അവിടെവച്ച് തനിക്കായി ഒരുക്കിവച്ചിരിക്കുന്ന നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തു.




## 2020 May

### Birth Days

| | | | |
|---|---|---|---|
| **01** | Rev. Fr. Vincent Parayil | | Rev. Fr. Shaju Kachappilly |
| | Rev. Fr. Jophin Kappil | | Rev. Fr. Sebin Edattukaran |
| **02** | Rev. Fr. Joshi Paliakkara | **20** | Rev. Fr. Melwin Perepadan |
| | Rev. Fr. Lijon Brahmakulam | **21** | Rev. Fr. Wilson Mookanamparambil |
| **04** | Rev. Fr. Tony Parekkadan | **22** | Rev. Fr. Joju Kokkatt |
| **06** | Rev. Fr. Jijo Thundathil | **23** | Rev. Fr. Francis Kodiyan |
| **07** | Rev. Fr. Johnson G. Alappat | **24** | Rev. Fr. Davis Kudiyirickal |
| | Rev. Fr. Joseph Maliekal | | Rev. Fr. Jaison Kudiyirickal |
| **10** | Rev. Fr. Freejo Parackal | | Rev. Fr. Rejoy Pazhayattil |
| **12** | Rev. Fr. Thomas Alukka | **27** | Rev. Fr. Johnson Tharayil |
| | Rev. Fr. Colin Attokaran | **28** | Rev. Fr. Joji Palamattath |
| **14** | Rev. Fr. Sebastian Panjikaran | **29** | Rev. Fr. Leslin Cheruparambil |
| **15** | Rev. Fr. Plogen Kannampuzha | **31** | Rev. Fr. Joseph Kanamkudam |
| | Rev. Fr. Nijo Pallai | | Rev. Fr. Davis Thattil |
| **19** | Rev. Fr. Seby Kolangara | | Rev. Fr. Anto Vattoly |

## 2020 May

### Feast Days

| | | | |
|---|---|---|---|
| **16** | Rev. Fr. Johnson G. Alappat | | Rev. Fr. John Thekkethala |

## അൾത്താര ബാലസംഘം



കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ രൂപത അൾത്താര സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 30, മെയ് 1 എന്നീ ദിവസങ്ങളിൽ നടത്താനുദ്ദേശിച്ചിരുന്ന ലീഡേഴ്സ് മീറ്റ്, സാവിയോ ഫെസ്റ്റ് 2020 എന്നീ പ്രോഗ്രാമുകൾ മാറ്റിവച്ചിരിക്കുന്നു.

**ഫാ. സിന്റോ ചിറ്റിലപ്പിള്ളി**
ഡയറക്ടർ

## ബ്ലസ്സ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് **1558** കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേയ്ക്ക് ഇപ്പോൾ **ഏഴ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അമ്പത്തിയൊമ്പതിനായിരത്തി ഇരുനൂറ്റി മുപത്തിയൊമ്പത് (79259239)** രൂപ നല്കി.

**2. ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നല്കിയവർ**

| | |
|---|---|
| 1. ജോൺ ഫ്രാൻസിസ് കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 10000 |
| 2. ഡോ. ആന്റണി പി. ജോസഫ്, ഗബ്രോണെ, ബോട്ട്സ്വാന | 1,00,000 |
| 3. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് കോൺവെന്റ്, കോട്ടാറ്റ് | 5000 |
| 4. സേക്രട്ട് ഹാർട്ട് കോൺവെന്റ്, കുഴിക്കാട്ടുശ്ശേരി | 5000 |
| 5. സി. എച്ച്. എഫ്. തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പുത്തൻചിറ | 5000 |
| **ആകെ** | **125000** |

**ഫാ. സീജോ ഇരിമ്പൻ**
ഡയറക്ടർ

## ബി.എൽ.എം.

ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽനിന്നും ആത്മീയ ശുശ്രൂഷകൾ ഓൺലൈൻ ആയി 2020 മെയ് 1-ാം തിയ്യതി മുതൽ ആരംഭിക്കുന്നു. വി. കുർബ്ബാന, ദിവ്യകാരുണ്യ ആരാധന, വചനശുശ്രൂഷ, ധ്യാന പ്രസംഗങ്ങൾ തുടങ്ങീ ആത്മീയ ശുശ്രൂഷകൾ എല്ലാദിവസവും സംപ്രേഷണം ചെയ്യുന്നതാണ്. ശുശ്രൂഷകളുടെ സമയക്രമീകരണങ്ങൾ സമൂഹമാധ്യമങ്ങളിലൂടെയും മറ്റും അറിയിക്കുന്നതായിരിക്കും.

**ഫാ. നിക്സൺ ചാക്കോര്യ**
ഡയറക്ടർ

### പ്രത്യേക ശ്രദ്ധയ്ക്ക്

കോവിഡ്19 ലോക്ക്ഡൗണിന്റെ പ്രത്യേക സാഹചര്യത്തിൽ പള്ളികളുടെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക തെരട്ട് രൂപതയിൽ സമർപ്പിക്കേണ്ട തിയ്യതികൾ നീട്ടിവച്ചിരിക്കുന്നു. പുതിയ സമയക്രമീകരണങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. അതിനാൽ നൽകപ്പെടുന്ന തിയ്യതിക്കുതന്നെ തെരട്ട് സമർപ്പിക്കുവാൻ സൗകര്യപ്രദമായ രീതിയിൽ കണക്കുകളും മറ്റും നേരത്തെകൂട്ടി തയ്യാറാക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
ഫിനാൻസ് ഓഫീസർ

**Donation for Hrudaya Palliative Care on the Months of March and April 2020.**

| | |
|---|---|
| Ukkens copra centre and oil mills, Edakulam | 1,000.00 |
| Biju Antony Chethelan, Dubai, Perambra | 10,000.00 |
| Johny Vithayathil, Meladoor | 1,000.00 |
| Well wisher | 1,000.00 |
| Thomas M.P., Vellangallur | 1,000.00 |
| Jose Chiriyankandath | 500.00 |
| Biju Jose, North Chalakudy | 2,000.00 |
| Jose. K.K., Oorakam | 1,000.00 |
| Joy K.C., Vallakunnu | 500.00 |
| Roy A. L., Aloor | 200.00 |
| T.I. Joseph, Thandiakkal, Vallakunnu | 1,000.00 |
| Wilson K.O., Vallakunnu | 500.00 |
| Mini. K.A., Vallakunnu | 250.00 |
| Luxy K. A., Aloor | 1,000.00 |
| Arun Raphel, Vallakunnu | 500.00 |
| Jose U. D., Edakulam | 500.00 |
| George K. Thomas, Vallakunnu | 500.00 |
| St. Mary's Convent, Puliparakunnu | 1,000.00 |
| Regi A.M. Vallakunnu | 250.00 |
| Mathew C. D., Mathilakam | 1,000.00 |
| Stella Jimmy, Mathilakam | 1,000.00 |
| Saji Babu, Murikingal | 500.00 |
| Vallakunnu Church Faithfull | 5,350.00 |
| Cheloor Church | 31,650.00 |
| Lillykutty | 1,000.00 |
| Terry Issac Kanichai | 200.00 |
| John Francis Kandamkulathy, Irinjalakuda | 5,000.00 |
| Mary Kochappu, Vallakunnu | 1,000.00 |
| Treesa Varghese, Avittathur | 1,000.00 |
| Varghese C.R., Moonnumury | 1,000.00 |
| **Total** | **72,400.00** |

ഫാ. തോമസ് കണ്ണമ്പിള്ളി
ഡയറക്ടർ




## 2020 മാർച്ച്

(കോവിഡ്19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ അഭിവന്ദ്യ പിതാവിന്റെ മുൻനിശ്ചയിച്ചിരുന്ന എല്ലാ പരിപാടികളും റദ്ദാക്കിയിരിക്കുന്നു.)

| | | | |
|---|---|---|---|
| 23 | 06.45 | am | രാവിലെ തിരുഹൃദയ ഭവനത്തിൽ സെമിനാരിക്കാരോടൊപ്പം വി. കുർബ്ബാന അർപ്പിച്ചു. |
| | 10.30 | am | നാലാം വർഷ സെമിനാരിക്കാരെ ഇന്റർവ്യൂ ചെയ്തു. |
| | 06.00 | pm | ജോൺ പോൾ ഭവനിലെ വൈദിക വിദ്യാത്ഥികളെ വ്യക്തിപരമായി കണ്ടു. |

## 2020 ഏപ്രിൽ

| | | | |
|---|---|---|---|
| 5 | 07.00 | am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ഓശാന തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 6 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ വി.കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 7 | 07.00 | മാ | കത്തീഡ്രൽ ദേവാലയത്തിൽ വി.കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 8 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ വി.കുർബ്ബാനയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 9 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ പെസഹാ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 10 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ പീഡാനുഭവ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ ദുഃഖശനിയാഴ്ചയിലെ മാമോദീസ നവീകരണ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 12.00 | pm | ലോക്ക് ഡൗണിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്ന ഇരിങ്ങാലക്കുടയിലെ കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. |
| 12 | 07.00 | am | കത്തീഡ്രൽ ദേവാലയത്തിൽ ഉയിർപ്പിന്റെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു |
| | 11.00 | am | ചാലക്കുടിയിൽ സംഘടിപ്പിച്ചിരുന്ന കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. |

| | | | |
|---|---|---|---|
| 14 | 04.00 | pm | വെസ്റ്റ് ചാലക്കുടിയിൽ റവ. സി. കമില്ല സി.എസ്.സി. യുടെ മൃതദേഹസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| 18 | 07.00 | am | മെത്രാഭിഷേകത്തിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു. അഴിക്കോട് മാർതോമ തീർത്ഥകേന്ദ്രം, കുഴിക്കാട്ടുശ്ശേരി വി. മറിയം ത്രേസ്യ കബറിടം എന്നിവിടങ്ങളിൽ സന്ദർശിച്ചു പ്രാർത്ഥിച്ചു. |
| | 12.00 | pm | കൊടുങ്ങല്ലൂർ ഭാഗത്ത് ഒരുക്കിയിരുന്ന കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. |
| 22 | 9.30 | am | പേരാമ്പ്രയിൽ റവ. സി. ലിനസ് സി.എച്ച്.എഫ്.ന്റെ ശവസംസ്കാരകർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തു. |
| 23 | 5.00 | pm | മാളയിൽ ബഹുമാനപെട്ട റിജോയ് പഴയാറ്റിൽ അച്ചന്റെ സഹോദരൻ ജോയലിന്റെ ശവസംസകാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |

## വൈദികരുടെ വാർഷിക ധ്യാനം

**2020 ജൂൺ 15–19, 22–26**

ബഹുമാനപ്പെട്ട അച്ചന്മാരുടെ വാർഷികധ്യാനം കല്ലേറ്റുംകര പാക്സിൽവെച്ച് രണ്ട് ബാച്ചുകളിലായി നടത്തപ്പെടുന്നു. ഒന്നാം ബാച്ച് ധ്യാനം **2020 ജൂൺ 15 മുതൽ 19 വരെയും രണ്ടാം ബാച്ച് ജൂൺ 22 മുതൽ 26 വരെയും** ആയിരിക്കും. ബഹു. അച്ചന്മാരുടെ പേരുകൾ ബാച്ച് തിരിച്ചുള്ള ലിസ്റ്റ് 2020 മാർച്ച് മാസത്തെ ബുള്ളറ്റിനിൽ **(54,55,56,57** പേജുകൾ) പ്രസിദ്ധീകരിച്ചിട്ടുള്ളത് നോക്കുക. **NB :** ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ മുൻകൂട്ടി അറിയിക്കുന്നതാണ്.

## മാറ്റി വച്ചിരിക്കുന്നു

കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ രൂപത അൾത്താര സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 30, മെയ് 1 എന്നീ ദിവസങ്ങളിൽ നടത്താനുദ്ദേശിച്ചിരുന്ന ലീഡേഴ്സ് മീറ്റ്, സാവിയോ ഫെസ്റ്റ് 2020 എന്നീ പ്രോഗ്രാമുകൾ മാറ്റിവച്ചിരിക്കുന്നു.



WE FOSTER HEALTH

FIRST TIME IN KERALA

# CEREBRAL PALSY CLINIC

Clinic working Hours

**Every 2nd & 4th Saturday**

**09am to 11am**

Now Available Here..!!!

## Our Team

**Dr.Binoy PS**
(Hand & Micro Surgeon)

**Dr.Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr.Vimal Vincent**
(Paediatrician & Neonatologist

**Dr.Varghese Antony Pallan**
(Neurologist)

**Ms Nimmy Francis**
(Physiotherapist)

# St. James' Hospital, Chalakudy

Ph : +91 480 2710271,571


Donate **One Rupee** Everyday
Save Life of Kidney Patients through
**Free Dialysis**

ONE RUPEE ONE Life

A ST. JAMES' HOSPITAL RENAL CARE MISSION INITIATIVE

Our Bank Details :
A/c Name : St.James Renal Care Mission
The South Indian Bank Ltd, Chalakudy North Branch
S.B.A/c No.0552053000006498, IFSC : SIBL0000552

Annual Sub. 200/.

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.04.2020
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2018-2020
Posted at R.M.S. Irinjalakuda

IRINJALAKUDA



KODAKARA



KALPARMBU



KUTTIKAD








MALA



EDATHIRUTHY



CHALAKUDY



PARAPPUKARA





AMBAZHAKAD PUTHENCHIRA



SILCHAR MISSION

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com



KODUNGALLUR CHURCH

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

